പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 11 ഫെബ്രുവരി 2022

## മികവിന് അംഗീകാരം





'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ഫെബ്രുവരി 2022


# അകത്ത്






ഏകീകൃതം
തദ്ദേശസ്വയംഭരണ ദിനം 2022 — 5

മികവിന് അംഗീകാരം — 7

ഏകീകൃത വകുപ്പിന്റെ രൂപീകരണത്തോടെ വിവിധ വകുപ്പുകളുടെ ഏകോപിത ശേഷി പൂർണ്ണതോതിൽ ലഭ്യമാക്കാൻ നമുക്ക് കഴിയും
പിണറായി വിജയൻ — 11

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പും വികസന സാധ്യതകളും
ഹുസൈൻ എം. മിന്നത്ത് — 16

പാതകകാലം തടുത്തുനിർത്താൻ ജീവിതഗാഥകൾ പാടി വരുന്നു... കുടുംബശ്രീ
പ്രസാദ് കാവീട്ടിൽ — 21

KSEBL - സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി - ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി സ്കീം — 24

കിട്ടാക്കനിയാകുന്ന കുടിവെള്ളം
ലോക ജലദിനം മാർച്ച് 22
ടി. ഷാഹുൽ ഹമീദ് — 26

തദ്ദേശ സ്ഥാപനങ്ങളിലെ GST യും GST TDS ഉം -ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
ദീപു പി. — 30

നാടുവിട്ടുപോയ നാടൻ പഴങ്ങൾ
മുരളീധരൻ തഴക്കര — 40


## പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ — 34

ഊരും പേരും -18 — 35

എന്റെ മലയാളം — 36

എന്ന് വായനക്കാർ — 42

ഫെബ്രുവരി 2022
പുസ്തകം 61 ലക്കം 11
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പ്രത്യാശയോടെ തദ്ദേശദിനം 2022

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ ശ്രീ. ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 ന് സംസ്ഥാനത്തിന്റെ ജനപക്ഷ വികസന കുതിപ്പിന് ശക്തിപകരാൻ കഴിയുന്ന ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനവും തദ്ദേശസ്വയം ഭരണ ദിനാഘോഷം 2022 ന്റെ ഉദ്ഘാടനവും തിരുവനന്തപുരത്ത് വച്ച് നടന്നു.

മുൻവർഷങ്ങളിൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പ്രതിനിധികൾ സംഘടിപ്പിച്ചിരുന്ന പഞ്ചായത്ത് ദിനാഘോഷം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമായ സാഹചര്യത്തിലാണ് തദ്ദശസ്വയംഭരണ ദിനാഘോഷമായി പരിപാടി സംഘടിപ്പിക്കപ്പെട്ടത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും, നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും ജനപ്രതിനിധികളും ജീവനക്കാരും പങ്കാളികളായി കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു ഏകോപനവും ആഘോഷവും നടന്നത്.

മുൻവർഷങ്ങളിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പുരസ്കാരം നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമാപനസമ്മേളന വേദിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. 2020-2021 ലെ ഏറ്റവും മികച്ച പ്രകടനം കാഴ്ച വെച്ച് ഗ്രാമപഞ്ചാത്തുകളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്താണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്കും ജില്ലാ പഞ്ചായത്തിൽ തിരുവനന്തപുരവും, കോർപ്പറേഷനുകളിൽ കോഴിക്കോടും നഗരസഭകളിൽ സുൽത്താൻ ബത്തേരിയും മികവിന്റെ പുരസ്കാരങ്ങൾ കരസ്ഥമാക്കി. ജില്ലാതലത്തിലും മികവ് പുലർത്തിയവരെ തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്ക് ജില്ലാതല ആഘോഷപരിപാടികളിൽ സമ്മാനവിതരണം നടത്തി. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപിതമായതിന്റെ ഔദ്യോഗിക പ്രഖ്യാപനംകൂടി തദ്ദേശദിനത്തിൽ നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്തുന്നവർക്ക് സംതൃപ്തിയോടെ മടങ്ങിപ്പോകാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അതിനു വഴിയൊരുക്കുന്നതു കൂടിയാവണം തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയോജനം. വികസന - ക്ഷേമ പദ്ധതിയുടെ ഗുണഫലങ്ങൾ ഓരോ പൗരനിലേക്കും എത്തിച്ചേരേണ്ടതുണ്ട്. എന്നാൽ മാത്രമേ സമഗ്രതയിലൂന്നിയ സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് അർത്ഥവത്താവുകയുള്ളൂ. ആ നേട്ടത്തിലേക്ക് എത്തിച്ചേരുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പുകൾക്ക് വഹിക്കാനുള്ള പങ്ക് വളരെ വലുതാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനം അതിനു ഊർജ്ജം പകരുന്നതാകട്ടേയെന്ന് ആശംസിക്കുന്നു.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**എന്റെ സാമൂഹ്യദർശനം മൂന്നുവാക്കുകളിൽ സംഗ്രഹിക്കാവുന്നതാണ്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം.**
- ഡോ. ബി. ആർ. അംബേദ്കർ



# ഏകീകൃതം തദ്ദേശസ്വയംഭരണ ദിനം 2022

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനവും തദ്ദേശസ്വയംഭരണ ദിനാഘോഷവും**

സംസ്ഥാനത്തിന്റെ ജനപക്ഷ വികസന കുതിപ്പിന് ശക്തിപകരാൻ ഉതകുന്ന ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനവും തദ്ദേശസ്വയംഭരണ ദിനാഘോഷം 2022 ന്റെ ഉദ്ഘാടനവും പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായ ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ആഘോഷപരിപാടികളുടെ ഉദ്ഘാടനം 19-ാം തീയതി വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം കോവളം കേരള ആർട്സ് & ക്രാഫ്റ്റ് വില്ലേജിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രി അഡ്വ. ജി.ആർ. അനിൽ, ഗതാഗത വകുപ്പുമന്ത്രി അഡ്വ. ആന്റണി രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ.എം. ഉഷ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ബി.പി. മുരളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ ചെയർപേഴ്സൺ കെ.ജി. രാജേശ്വരി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡി. ബാലമുരളി തുടങ്ങിയവർ പങ്കെടുത്തു.

സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭരണപരമായ സഹായം എത്തിച്ചുകൊടുക്കുക എന്നതാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രധാന ലക്ഷ്യം. തീർത്തും ജനപക്ഷത്തു നിൽക്കുന്ന,അധികാരവികേന്ദ്രീകരണ പ്രക്രിയയെ സജീവമാക്കുന്ന ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രഖ്യാപനവും തദ്ദേശസ്വയംഭരണ ദിനാഘോഷവും ഒരു വേദിയിൽ സംഘടിപ്പിക്കപ്പെട്ടത് ഏറെ അർത്ഥവത്താണ്. മുൻകാലങ്ങളിൽ സംസ്ഥാനത്തെ ത്രിതല





പഞ്ചായത്തുകളുടെ പ്രതിനിധികൾ സംഘടിപ്പിച്ചിരുന്ന പഞ്ചായത്ത് ദിനാഘോഷം ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമായ സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ ദിനാഘോഷമായി പരിപാടി സംഘടിപ്പിക്കപ്പെട്ടത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും ജനപ്രതിനിധികളും ജീവനക്കാരും പങ്കാളികളായി. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു ഏകോപനവും ആഘോഷവും നടന്നത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തിരുവനന്തപുരം കോവളം, വെള്ളാറിലുള്ള കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ നടന്ന പരിപാടിയിൽ സംസ്ഥാനതലത്തിലും തിരുവനന്തപുരം ജില്ലയിലെയും പുരസ്കാര ജേതാക്കളായ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ജീവനക്കാരും പങ്കെടുത്തു. സമാന്തരമായി തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ പരിപാടി സംഘടിപ്പിക്കുകയും അതാത് ജില്ലകളിലെ പുരസ്കാര ജേതാക്കളായ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ജീവനക്കാരും പങ്കെടുക്കുകയും ചെയ്തു. സംസ്ഥാനതല ഉദ്ഘാടന പരിപാടി കിലയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തൽസമയം സംപ്രേഷണം ചെയ്തതിലൂടെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലും ജീവനക്കാരിലും എത്തിക്കാൻ കഴിഞ്ഞു.

തദ്ദേശദിനാഘോഷവുമായി ബന്ധപ്പെട്ട് 2022 ഫെബ്രുവരി 18 ന് 'ജനകീയാസൂത്രണത്തിന്റെ 25 വർഷം പുതുതലമുറ വെല്ലുവിളികളും സാധ്യതകളും', 'അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിൽ നിന്നും സമാനതകളില്ലാത്ത ദാരിദ്ര്യ ലഘൂകരണ പ്രക്രിയയിലേക്ക്', 'വാതിൽപടി സേവനം – സാധ്യതകൾ' എന്നീ വിഷയങ്ങളിൽ ഓൺലൈനായി സെമിനാറുകൾ സംഘടിപ്പിച്ചു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ലൈവായി സംപ്രേഷണം ചെയ്യപ്പെട്ട പ്രസ്തുത സെമിനാറുകളുടെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ് IAS സ്വാഗതം പറഞ്ഞ ചടങ്ങിന്റെ മോഡറേറ്റർ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ആയിരുന്നു. മുൻ ധനകാര്യമന്ത്രി ഡോ. റ്റി. എം. തോമസ് ഐസക്ക്, മുഖ്യമന്ത്രിയുടെ ഓഫീസിലെ ഓഫീസർ ഓൺ സ്പെഷ്യൽഡ്യൂട്ടി മിർ മുഹമ്മദ് IAS, ദാരിദ്ര്യ ലഘൂകരണം സ്റ്റേറ്റ് സെൽ നോഡൽ ആഫീസർ സന്തോഷ് കുമാർ വി.എസ്, കില സീനിയർ അർബൻ ഫെലോ ഡോ. രാജേഷ് കെ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. ലൈജു, കരുവാറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

2022 ഫെബ്രുവരി 19 ന് രാവിലെ 10 മണി മുതൽ സമാനരീതിയിൽ സെമിനാറുകൾ സംഘടിപ്പിക്കപ്പെട്ടു. 'നവകേരള കർമ്മപരിപാടി 2' , 'സംയോജിത തദ്ദേശ സ്വയംഭരണ സർവ്വീസ്' എന്നീ വിഷയങ്ങളിൽ സംഘടിപ്പിക്കപ്പെട്ട പ്രസ്തുത സെമിനാറുകളിലെ മോഡറേറ്റർ ലോക്കൽ ഗവ. കമ്മീഷൻ ചെയർമാൻ സി.പി. വിനോദ് ആയിരുന്നു. ചടങ്ങിൽ വിഷയാവതരണം തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ നിർവ്വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി കണ്ണൻ ആർ.എസ്. സ്വാഗതവും സബ് കമ്മിറ്റി കൺവീനർ ജോസ്ന മോൾ നന്ദിയും പറഞ്ഞു. □

# മികവിന് അംഗീകാരം




**2020-21 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തു**

2020-2021 വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച് സ്വരാജ് ട്രോഫി പുരസ്കാരങ്ങൾക്കും പ്രത്യേക ധനസഹായത്തിനും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവുപുലർത്തി. അർഹത നേടിയ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ തെരഞ്ഞെടുത്തു. കൂടാതെ ഈ വർഷം മുതൽ മികച്ച പ്രവർത്തനം കാഴ്ചവച്ച മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും സ്വരാജ് ട്രോഫി പുരസ്കാരങ്ങൾക്കും, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ മികവു പുലർത്തിയ മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകൾക്കും മഹാത്മാ അയ്യങ്കാളി പുരസ്കാരത്തിനും തെരഞ്ഞെടുത്തു. സംസ്ഥാനതലത്തിലുള്ള പുരസ്കാരങ്ങളും, തിരുവനന്തപുരം ജില്ലയിൽ ജില്ലാതലത്തിലെ പുരസ്കാരങ്ങളും തദ്ദേശസ്വയംഭരണ ദിനാഘോഷ പരിപാടികളുടെ ഭാഗമായി 2022 ഫെബ്രുവരി 19 –ാം തീയതി വൈകുന്നേരം 3 മണിക്ക് കോവളം കേരള ആർട്സ് & ക്രാഫ്റ്റ് വില്ലേജിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്തു.



*മികച്ച ഗ്രാമപഞ്ചായത്ത് (സംസ്ഥാനതലം) ഒന്നാം സ്ഥാനം : മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്*



*മികച്ച ഗ്രാമപഞ്ചായത്ത് (സംസ്ഥാനതലം) രണ്ടാംസ്ഥാനം: എളവള്ളി ഗ്രാമപഞ്ചായത്ത്*



*മികച്ച ഗ്രാമപഞ്ചായത്ത് (സംസ്ഥാനതലം) മൂന്നാം സ്ഥാനം: മംഗലപുരം ഗ്രാമപഞ്ചായത്ത്*

## 2020-21 വർഷത്തെ മികച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

### സ്വരാജ് ട്രോഫി - ഗ്രാമപഞ്ചായത്ത് - സംസ്ഥാനതലം

*ഒന്നാം സ്ഥാനം :* **മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് (എറണാകുളം ജില്ല)**
*രണ്ടാംസ്ഥാനം :* **എളവള്ളി ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)**
*മൂന്നാം സ്ഥാനം :* **മംഗലപുരം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല**

### സ്വരാജ് ട്രോഫി – ബ്ലോക്ക് പഞ്ചായത്ത് -സംസ്ഥാനതലം

*ഒന്നാം സ്ഥാനം :* **പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം ജില്ല)**
*രണ്ടാം സ്ഥാനം :* **മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (കൊല്ലം ജില്ല)**
*മൂന്നാംസ്ഥാനം :* **ളാലം ബ്ലോക്ക് പഞ്ചായത്ത് (കോട്ടയം ജില്ല)**

### സ്വരാജ് ട്രോഫി – ജില്ലാ പഞ്ചായത്ത്

*ഒന്നാം സ്ഥാനം :* **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**
*രണ്ടാം സ്ഥാനം :* **കൊല്ലം ജില്ലാ പഞ്ചായത്ത്**

### സ്വരാജ് ട്രോഫി – കോർപ്പറേഷൻ

*ഒന്നാം സ്ഥാനം :* **കോഴിക്കോട് കോർപ്പറേഷൻ**

### സ്വരാജ് ട്രോഫി – നഗരസഭ

*ഒന്നാം സ്ഥാനം :* **സുൽത്താൻ ബത്തേരി നഗരസഭ (വയനാട് ജില്ല)**
*രണ്ടാം സ്ഥാനം :* **തിരൂരങ്ങാടി നഗരസഭ (മലപ്പുറം ജില്ല)**

### മഹാത്മാ പുരസ്കാരങ്ങൾ -സംസ്ഥാനതലം

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് | സ്ഥാനം |
|---|---|---|---|
| 1 | പത്തനംതിട്ട | ഏഴംകുളം | 1 |
| 2 | പത്തനംതിട്ട | കടമ്പനാട് | 1 |
| 3 | പത്തനംതിട്ട | മൈലപ്ര | 1 |
| 4 | പത്തനംതിട്ട | നെടുമ്പ്രം | 1 |
| 5 | പത്തനംതിട്ട | റാന്നി അങ്ങാടി | 1 |
| 6 | ആലപ്പുഴ | കരുവാറ്റ | 1 |
| 7 | കോട്ടയം | തലയാഴം | 1 |
| 8 | മലപ്പുറം | എടപ്പാൾ | 1 |

### മഹാത്മാ അയ്യങ്കാളി പുരസ്കാരങ്ങൾ - കോർപ്പറേഷൻ

*ഒന്നാം സ്ഥാനം-* കൊല്ലം കോർപ്പറേഷൻ

### മഹാത്മാ അയ്യങ്കാളി പുരസ്കാരങ്ങൾ - നഗരസഭ

*ഒന്നാം സ്ഥാനം-* താനൂർ നഗരസഭ
*രണ്ടാം സ്ഥാനം-* വൈക്കം നഗരസഭ

### സ്വരാജ് ട്രോഫി - ഗ്രാമപഞ്ചായത്ത് - ജില്ലാ തലം

| ജില്ല | സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1 | ചെമ്മരുതി |
| | 2 | കുളത്തൂർ |
| കൊല്ലം | 1 | ശൂരനാട് സൗത്ത് |
| | 2 | വെസ്റ്റ് കല്ലട |
| പത്തനംതിട്ട | 1 | തുമ്പമൺ |
| | 2 | ഇരവിപേരൂർ |
| ആലപ്പുഴ | 1 | വീയപുരം |
| | 2 | തകഴി |
| കോട്ടയം | 1 | കുറവിലങ്ങാട് |
| | 2 | മരങ്ങാട്ടുപിള്ളി |
| ഇടുക്കി | 1 | കുമളി |
| | 2 | മരിയാപുരം |
| എറണാകുളം | 1 | കുന്നുകര |
| | 2 | പാലക്കുഴ |
| തൃശ്ശൂർ | 1 | വള്ളത്തോൾ നഗർ |
| | 2 | അളഗപ്പനഗർ |
| പാലക്കാട് | 1 | വെള്ളിനേഴി |
| | 2 | ശ്രീകൃഷ്ണപുരം |
| മലപ്പുറം | 1 | മാറഞ്ചേരി |
| | 2 | തൃക്കലങ്ങോട് |
| കോഴിക്കോട് | 1 | വളയം |
| | 2 | പെരുമണ്ണ |
| | 2 | മരുതോങ്കര |
| വയനാട് | 1 | മീനങ്ങാടി |
| | 2 | തരിയോട് |
| കണ്ണൂർ | 1 | പാപ്പിനിശ്ശേരി |
| | 2 | ചെമ്പിലോട് |
| കാസർഗോഡ് | 1 | ചെറുവത്തൂർ |
| | 2 | ബേഡഡുക്ക |

### മഹാത്മാ പുരസ്കാരങ്ങൾ -ജില്ലാതലം

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് | സ്ഥാനം |
|---|---|---|---|
| 1 | തിരുവനന്തപുരം | മാണിക്കൽ | 1 |
| 2 | തിരുവനന്തപുരം | കൊല്ലയിൽ | 1 |
| 3 | കൊല്ലം | എഴുകോൺ | 1 |
| 4 | കൊല്ലം | കുമ്മിൾ | 1 |
| 5 | കൊല്ലം | മയ്യനാട് | 1 |
| 6 | കൊല്ലം | ശാസ്താംകോട്ട | 1 |
| 7 | കൊല്ലം | ശൂരനാട് നോർത്ത് | 1 |
| 8 | പത്തനംതിട്ട | ഏഴംകുളം | 1 |
| 9 | പത്തനംതിട്ട | കടമ്പനാട് | 1 |
| 10 | പത്തനംതിട്ട | മൈലപ്ര | 1 |
| 11 | പത്തനംതിട്ട | നെടുമ്പ്രം | 1 |
| 12 | പത്തനംതിട്ട | റാന്നി അങ്ങാടി | 1 |
| 13 | ആലപ്പുഴ | കരുവാറ്റ | 1 |
| 14 | എറണാകുളം | തിരുമാറാടി | 1 |

| | | | |
|---|---|---|---|
| 15 | എറണാകുളം | കുന്നുകര | 1 |
| 16 | കോട്ടയം | തലയാഴം | 1 |
| 17 | ഇടുക്കി | രാജാക്കാട് | 1 |
| 18 | തൃശ്ശൂർ | കൊണ്ടാഴി | 1 |
| 19 | പാലക്കാട് | കൊടുവായൂർ | 1 |
| 20 | പാലക്കാട് | കേരളശ്ശേരി | 1 |
| 21 | പാലക്കാട് | കടമ്പഴിപ്പുറം | 1 |
| 22 | പാലക്കാട് | കാരാക്കുറിശ്ശി | 1 |
| 23 | പാലക്കാട് | പൂക്കോട്ടുകാവ് | 1 |
| 24 | പാലക്കാട് | തൃത്താല | 1 |
| 25 | മലപ്പുറം | എടപ്പാൾ | 1 |
| 26 | കോഴിക്കോട് | കായണ്ണ | 1 |
| 27 | കോഴിക്കോട് | നൊച്ചാട് | 1 |
| 28 | കോഴിക്കോട് | പനങ്ങാട് | 1 |
| 29 | വയനാട് | പൊഴുതന | 1 |
| 30 | വയനാട് | മീനങ്ങാടി | 1 |
| 31 | കണ്ണൂർ | പെരിങ്ങോം വയക്കര | 1 |
| 32 | കണ്ണൂർ | എരഞ്ഞോളി | 1 |
| 33 | കാസർഗോഡ് | പനത്തടി | 1 |



*മികച്ച ബ്ലോക്ക് പഞ്ചായത്ത് ഒന്നാം സ്ഥാനം : പെരുമ്പടപ്പ്*



*മികച്ച ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനം : മുഖത്തല*



*മികച്ച ബ്ലോക്ക് പഞ്ചായത്ത് മൂന്നാംസ്ഥാനം : ളാലം*



*മികച്ച ജില്ലാ പഞ്ചായത്ത് ഒന്നാം സ്ഥാനം : തിരുവനന്തപുരം*



*മികച്ച ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനം : കൊല്ലം*



*മികച്ച കോർപ്പറേഷൻ ഒന്നാം സ്ഥാനം : കോഴിക്കോട്*




# ഏകീകൃത വകുപ്പിന്റെ രൂപീകരണത്തോടെ വിവിധ വകുപ്പുകളുടെ ഏകോപിത ശേഷി പൂർണ്ണതോതിൽ ലഭ്യമാക്കാൻ നമുക്ക് കഴിയും



■ പിണറായി വിജയൻ
മുഖ്യമന്ത്രി

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപിതമാകുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനമാണ് ഇന്നിവിടെ നടക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്രപരിവർത്തനത്തിനു നിദാനമാകുന്ന വിധത്തിൽ തദ്ദേശ സ്വയംഭരണ സംവിധാനത്തെ നവീകരിക്കുന്നതിന് എന്നും പ്രതിജ്ഞാബദ്ധമാണ് എൽ ഡി എഫ് സർക്കാർ. ആ പ്രതിബദ്ധതയുടെ ഫലമായാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാകുന്നത്. ഈ സർക്കാർ ഒന്നാം വാർഷികത്തിലേക്കു കടക്കുന്ന ഘട്ടത്തിൽ തന്നെ ഇതു സാധ്യമാവുന്നു എന്നതു ശ്രദ്ധേയമാണ്.

2021 ലെ തെരഞ്ഞെടുപ്പു പ്രകടനപത്രികയിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിലെ ജനങ്ങൾക്കു നൽകിയ ഒരു വാഗ്ദാനത്തിന്റെ സഫലീകരണം കൂടിയാണിത്. തദ്ദേശ സ്വയംഭരണവുമായി ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം ഒറ്റക്കുടക്കീഴിൽ കൊണ്ടുവരാൻ വകുപ്പുകളെ ഏകോപിപ്പിക്കുന്നതും ജീവനക്കാർക്ക് ഏകീകൃത കേഡർ സൃഷ്ടിക്കുന്നതുമായ പ്രവൃത്തി പൂർത്തീകരിക്കും എന്നതായിരുന്നു പ്രകടനപത്രികയിലെ വാഗ്ദാനം.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനത്തോടെ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾക്കു



എന്നാൽ, 2011 ൽ അധികാരത്തിലെത്തിയ യു ഡി എഫ് സർക്കാർ ഈ ആശയത്തെ അട്ടിമറിച്ചുകൊണ്ട് വകുപ്പിനെ മൂന്നായി വെട്ടിമുറിച്ചു. തുടർന്ന് 2016 ൽ തിരികെ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പിനായി ആരംഭിച്ച പ്രക്രിയയുടെ പൂർത്തീകരണമാണ് ഇന്നത്തെ പ്രഖ്യാപനം.

ഇന്ന് ഈ പ്രഖ്യാപനം നടക്കുന്ന ദിനം ഇന്ത്യയിലെ പഞ്ചായത്ത് രാജ് പ്രക്രിയയ്ക്ക് അടിത്തറ പാകിയ ബൽവന്ത് റായ് മേത്തയുടെ ജന്മദിനമാണ്. ബൽവന്ത് റായ് മേത്ത അദ്ധ്യക്ഷനായിരുന്ന സമിതിയുടെ നിർദ്ദേശങ്ങൾ ഇന്ത്യയിലെ പഞ്ചായത്ത്‌രാജിന്റെ സ്ഥാപനത്തിനു വഴിയൊരുക്കിയിട്ടുണ്ട്. സമാനമായ രീതിയിൽ അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് സമഗ്രമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു, ഇ എം എസ് അദ്ധ്യക്ഷനായിരുന്ന കേരളത്തിലെ ആദ്യ ഭരണപരിഷ്കാര കമ്മീഷന്റെ റിപ്പോർട്ട്.

പിന്നീട് അശോക് മേത്ത കമ്മിറ്റിയിൽ അംഗമായിരുന്ന ഇ എം എസ്, ആ കമ്മിറ്റിയുടെ റിപ്പോർട്ടിന് എഴുതിയ വിയോജനക്കുറിപ്പാണ് തുടർന്നുള്ള ഘട്ടങ്ങളിൽ കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ അടിസ്ഥാനമായി വർത്തിച്ചത്. ഇങ്ങനെ അധികാര വികേന്ദ്രീകരണത്തിനായി 1957 മുതൽക്കിങ്ങോട്ട് നാലു പതിറ്റാണ്ടോളം ഇവിടുത്തെ ഇടതുപക്ഷം നടത്തിയ ക്രിയാത്മകമായ ഇടപെടലുകളുടെ ഫലമായാണ് 1996 ൽ ജനകീയാസൂത്രണം സാധ്യമായത്.

ഭരണഘടനാ ഭേദഗതി നിയമങ്ങളുടെ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിനാണ് ഒമ്പതാം പദ്ധതിക്കാലത്ത് ജനകീയാസൂത്രണത്തിലൂടെ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചത്. അതു കേവലം ഭരണാധികാരങ്ങൾ കൈമാറുന്നതിൽ ഒതുങ്ങിനിന്നില്ല. പിന്നെയോ, സാമ്പത്തിക അധികാരങ്ങളും ഫണ്ടും കൂടി കൈമാറി. സംസ്ഥാന പദ്ധതിവിഹിതത്തിന്റെ മുപ്പത്തിയഞ്ച് മുതൽ നാൽപ്പത് ശതമാനം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭ്യമാക്കി. അത്തരം ഇടപെടലുകളുടെ അടുത്തഘട്ടമായി വേണം സംയോജിത വകുപ്പ് രൂപീകരണത്തിന്റെ പ്രഖ്യാപനത്തെ കാണേണ്ടത്.

നൽകിയ ആ പ്രധാനപ്പെട്ട വാഗ്ദാനം നിറവേറ്റപ്പെട്ടിരിക്കുകയാണ്. ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളാണ് യജമാനന്മാർ എന്നതും സർക്കാരുകൾ ജനങ്ങളോട് ഉത്തരവാദപ്പെട്ടിരിക്കണം എന്നതും ആവർത്തിച്ചുറപ്പിക്കുകയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സംവിധാനത്തിൽ ഗ്രാമ - ജില്ലാ പഞ്ചായത്തുകൾ കൈകാര്യം ചെയ്തിരുന്നത് പഞ്ചായത്ത് വകുപ്പും ബ്ലോക്ക് പഞ്ചായത്തുകൾ കൈകാര്യം ചെയ്തിരുന്നത് ഗ്രാമവികസന വകുപ്പും നഗരസഭകൾ കൈകാര്യം ചെയ്തിരുന്നത് നഗരകാര്യ വകുപ്പുമായിരുന്നു. തദ്ദേശ സ്വയംഭരണ സംവിധാനത്തിനായി രൂപീകരിച്ച എഞ്ചിനീയറിങ് വിഭാഗം ഇവ മൂന്നിൽ നിന്നും വ്യത്യസ്തമായി ചീഫ് എഞ്ചിനീയറുടെ ഏകോപനത്തിലായിരുന്നു. ഗ്രാമങ്ങളുടെയും നഗരങ്ങളുടെയും ആസൂത്രണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്ന ഗ്രാമ - നഗര ആസൂത്രണ വകുപ്പാകട്ടെ പ്രത്യേക സംവിധാനം എന്ന നിലയ്ക്കായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇവ കൂടാതെ നഗരസഭയിലെ ഒരു വിഭാഗം ജീവനക്കാർ മുൻസിപ്പൽ കോമൺ സർവ്വീസിന്റെ ഭാഗമായും ശുചിത്വമിഷൻ അടക്കമുള്ളവ പ്രത്യേക സംവിധാനമായും പ്രവർത്തിക്കുകയായിരുന്നു.

ഇത്തരത്തിൽ വിവിധ വകുപ്പുകളിലും വിഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്നതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിനു തടസ്സമാവുന്ന നിലയുണ്ടായിരുന്നു. ആ തടസ്സം നീക്കുന്നതിനാണ് ഏകോപിത തദ്ദേശ സ്വയംഭരണ സർവ്വീസ് എന്ന ആശയം മുന്നോട്ടുവച്ചത്.

**വിവിധ വകുപ്പുകളിലും വിഭാഗങ്ങളിലുമായി ചിതറിക്കിടക്കുന്നതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിനു തടസ്സമാവുന്ന നിലയുണ്ടായിരുന്നു. ആ തടസ്സം നീക്കുന്നതിനാണ് ഏകോപിത തദ്ദേശ സ്വയംഭരണ സർവ്വീസ്**



ഏകീകൃത വകുപ്പിന്റെ രൂപീകരണത്തോടെ വിവിധ വകുപ്പുകളുടെ ഏകോപിത ശേഷി പൂർണ്ണതോതിൽ ലഭ്യമാക്കാൻ നമുക്കു കഴിയും. മുപ്പതിനായിരത്തിലേറെ ഉദ്യോഗസ്ഥരാണ് ഒരൊറ്റ വകുപ്പിന്റെ ഭാഗമാകുന്നത്. ഏകീകൃത വകുപ്പിനു വേണ്ടിയുള്ള സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസും സബോർഡിനേറ്റ് സർവ്വീസ് റൂൾസും രൂപപ്പെടുത്തുന്നതിന്റെ അവസാനഘട്ടത്തിലാണ്. അതോടൊപ്പം ഏകീകൃത വകുപ്പിന്റെ സംഘടനാരൂപവും തയ്യാറായിട്ടുണ്ട്. വകുപ്പ് ഏകീകരിക്കപ്പെടുമ്പോൾ ഉദ്യോഗസ്ഥരെ വിന്യസിക്കുന്നത് കൃത്യനിർവ്വഹണം കാര്യക്ഷമമാക്കാൻ എന്തൊക്കെ വേണമെന്നതിന്റെ അടിസ്ഥാനത്തിലാണ്. സാധാരണഗതിയിൽ മൂന്നു തട്ടിൽ തന്നെ തീരുമാനം കൈക്കൊള്ളാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിനു വേണ്ട ഫണ്ടും ലഭ്യമാക്കുകയാണ്. ആറാം ധനകാര്യ കമ്മിഷൻ നിർദ്ദേശിക്കുന്ന ഡെവലപ്പ്മെന്റ് ഗ്രാന്റിലും മെയിന്റനൻസ് ഗ്രാന്റിലും ജനറൽ പർപ്പസ് ഗ്രാന്റിലുമുള്ള വർദ്ധന സർക്കാർ ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. ജി എസ് ടി നടപ്പാക്കിയതിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായ വിനോദ നികുതി നഷ്ടം സർക്കാർ നികത്തും. എല്ലാ പഞ്ചായത്തുകളിലും എഞ്ചിനീയർമാരെ വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ ഓവർസിയർമാരുടെ തസ്തികകളും സൃഷ്ടിച്ചു. പുനർവിന്യാസത്തിലൂടെയോ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെയോ രണ്ട് തസ്തികകൾ വീതം അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്നതാണ്.

ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പു വരുത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കണം. അയൽക്കൂട്ടങ്ങളെയും റെസിഡന്റ്സ് അസോസിയേഷനുകളെയും അതുപോലെ താഴേത്തട്ടിലെ സാമൂഹ്യ കൂട്ടായ്മകളെയും ഗ്രാമ സഭകളുമായി ബന്ധപ്പെടുത്തുകയാണ് ഇതിനുള്ള മാർഗ്ഗം. അദ്ധ്യാപക രക്ഷകർതൃ സമിതി, ആശുപത്രി വികസന സമിതി തുടങ്ങിയ ജനകീയ സംവിധാനങ്ങളെ ശക്തിപ്പെടുത്തണം. വാർഡ് വികസന സമിതികളേയും ശക്തിപ്പെടുത്തേണ്ടതുണ്ട്.

ആസൂത്രണത്തിലും നിർവ്വഹണത്തിലും സന്നദ്ധാടിസ്ഥാനത്തിലുള്ള വിദഗ്ധരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദഗ്ധരെ തെരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടാകും. അതു വിനിയോഗിക്കണം. സർക്കാർ സേവനങ്ങൾ പൗരന്റെ അവകാശമാണ് എന്ന ബോധ്യം മനസ്സിലുണ്ടാവണം. അതുകൊണ്ടു തന്നെ പൗരവകാശരേഖ പ്രസിദ്ധീകരിക്കണം. എന്നു മാത്രമല്ല, അതു നടപ്പാക്കിയതു സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ സമർപ്പിക്കുകയും വേണം. ഇക്കാര്യങ്ങളെല്ലാം ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ഇക്കഴിഞ്ഞ എൽ ഡി എഫ് സർക്കാർ പതിമൂന്നാം പദ്ധതിയിൽ പ്രാദേശിക വികസന കാഴ്ചപ്പാടുകളിൽ വരുത്തിയ മാറ്റത്തിലൂടെ ജനകീയാസൂത്രണത്തിന് പുതിയൊരു ദിശ കൈവരിക്കാനായി. പ്രാദേശിക വികസന ലക്ഷ്യത്തിൽ നിന്നും സുസ്ഥിര വികസന ലക്ഷ്യത്തിലേക്കുള്ള കാൽവയ്പ്പായിരുന്നു അത്. അങ്ങനെ കഴിഞ്ഞ കാലയളവിൽ നാം നേടിയ വികസനങ്ങളെയും ഭൗതികനേട്ടങ്ങളെയും സുസ്ഥിരമായി നിലനിർത്തുന്നതിനും കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ പര്യാപ്തമാക്കുന്നതിനും നമുക്കു സാധിച്ചു.

സമഗ്രവും ഗുണമേന്മയുള്ളതും ഫലപ്രദവുമായ പദ്ധതികൾക്കു രൂപം നൽകാനും അവയുടെ നിർവ്വഹണം സാധ്യമാക്കാനും കഴിഞ്ഞു. 'നവകേരളത്തിനു ജനകീയാസൂത്രണം' എന്ന മുദ്രാവാക്യമുയർത്തി കേരള വികസന മാതൃകയുടെ രണ്ടാം ഘട്ടത്തിന് പതിമൂന്നാം പദ്ധതിയിൽ തുടക്കം കുറിക്കാനും സാധിച്ചു. അതിന്റെ പൂർത്തീക



രണത്തിനായി യത്നിക്കണം.

വികസന പ്രശ്നങ്ങളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വിലയിരുത്തണം. നഗരവൽക്കരണം, മാലിന്യസംസ്കരണം, വയോജന സംരക്ഷണം, ദുരന്തനിവാരണം എന്നിങ്ങനെ കഴിയാവുന്നത്ര വിഷയങ്ങൾക്കു പ്രാദേശികതലത്തിൽ തന്നെ പരിഹാരം കണ്ടെത്താൻ കഴിയണം. അതോടൊപ്പം ബഹുതല ആസൂത്രണ സാധ്യതകളും സംയോജന സാധ്യതകളും ഉൾക്കൊള്ളണം. അതിനുതകുന്ന വിധത്തിൽ പ്രാദേശിക സർക്കാരുകൾക്കു കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകി, അവരുടെ ഉത്തരവാദിത്തങ്ങളും ഇടപെടലുകളും വിപുലവും ഊർജ്ജസ്വലവുമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

പഞ്ചവൽസര പദ്ധതികൾ ഇപ്പോഴും നടപ്പാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. പതിനാലാം പദ്ധതിയിലേക്കു കടക്കാൻ ഒരുങ്ങി നിൽക്കുകയാണു നാം. കഴിഞ്ഞ അഞ്ചു വർഷം സുസ്ഥിരമായ വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള പരിപാടികളാണ് നമ്മൾ ആവിഷ്കരിച്ചത്. അതിന്റെ തുടർച്ച പതിനാലാം പദ്ധതിയിലും ഉണ്ടാവും. അതിനുതകുന്ന വിധത്തിൽ വികസനരേഖ പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ജില്ലാപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് നിർവഹണതലത്തിലേക്ക് എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. അഞ്ചുവർഷം കൂടുമ്പോൾ ഭരണം മാറുന്നതിന്റെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന ഒരു പദ്ധതി രൂപീകരണ, നിർവ്വഹണരീതിയുണ്ട്. അതിൽ നിന്നും മാറി ചിന്തിക്കണം. സാമ്പത്തിക, സാമൂഹിക, പരിസ്ഥിതി ആവശ്യങ്ങൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

**ദാരിദ്ര്യത്തിലകപ്പെട്ടു പോയവരെ മോചിപ്പിക്കുന്നതും പുരോഗമനപരമായ മാറ്റങ്ങൾക്കു പ്രാപ്തമാക്കുന്നതുമായ നൂതനമായ പരിപാടികളും പദ്ധതികളുമാണ് പ്രാദേശിക സർക്കാരുകൾ ആവിഷ്കരിക്കേണ്ടത്**

ദാരിദ്ര്യ നിർമ്മാർജ്ജനം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഥമ ലക്ഷ്യങ്ങളിൽ ഒന്നാണ്. ദാരിദ്ര്യത്തിലകപ്പെട്ടുപോയവരെ മോചിപ്പിക്കുന്നതും പുരോഗമനപരമായ മാറ്റങ്ങൾക്കു പ്രാപ്തമാക്കുന്നതുമായ നൂതനമായ പരിപാടികളും പദ്ധതികളുമാണ് പ്രാദേശിക സർക്കാരുകൾ ആവിഷ്കരിക്കേണ്ടത്. അതിവേഗത്തിൽ നഗരവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്ത് വിശാലമായ കാഴ്ചപ്പാടോടുകൂടി നഗരാസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്. ഇപ്പോൾ നടക്കുന്ന നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുള്ള നഗരവൽക്കരണത്തിനുമപ്പുറം വിശാലമായ കാഴ്ചപ്പാടാണ് ഇവിടെ വേണ്ടത്. പരിസ്ഥിതിയെക്കൂടി കണക്കിലെടുത്തു കൊണ്ടുള്ള ഇടപെടലാണ് നമുക്കാവശ്യം.

501 പഞ്ചായത്തുകളും 55 നഗരസഭകളും ഖരമാലിന്യ സംസ്കരണത്തിൽ ശുചിത്വ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുണ്ട്. മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മാനദണ്ഡ പദവിയിൽ എത്തിക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽമുക്ത കേരളം, അതായത് 'ഡിസ്പോസൽ ഫ്രീ കേരള' നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 2025 ഓടെ സെപ്റ്റേജ് മാലിന്യം ഉൾപ്പടെ ദ്രവമാലിന്യ സംസ്കരണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കാൻ നമുക്കു കഴിയണം.

മുഖ്യപരിഗണന നൽകേണ്ട മറ്റൊരു വിഷയം തൊഴിൽ ശക്തിയെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുക എന്നതാണ്. തൊഴിൽശക്തിയുടെ ഒമ്പത് ശതമാനം പേർ തൊഴിൽരഹിതരാണ്. നമ്മുടെ ജനസംഖ്യയുടെ 52 ശതമാനം വനിതകൾ ആണ്. അവരുടെ തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് 24.6 ശതമാനം മാത്രമാണ്. ഗ്രാമീണ മേഖലയിലുള്ള സ്ത്രീകളിൽ തൊഴിൽരഹിതരുണ്ട്. വർഷാവർഷം തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിച്ചിറങ്ങിയ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വേറെയും.

ഈ തൊഴിൽശക്തിയെ പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള പ്രാദേശിക സാധ്യതകൾ നാം കണ്ടെത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ജാഗ്രത കാട്ടണം. കാർഷികമേഖല അടക്കമുള്ള ഉൽപ്പാദന മേഖലകളിലും സഹകരണ, വ്യവസായ,

സേവന മേഖലകളിലും സ്റ്റാർട്ടപ്പുകളിലുമൊക്കെ തൊഴിൽ സൃഷ്ടിക്കാനാവും. ഇതിനായുള്ള നടപടികൾ സംസ്ഥാന തലത്തിൽ പുരോഗമിക്കുന്നുണ്ട്.

അടുത്ത അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് നാൽപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻകൈ എടുക്കണം. തദ്ദേശീയമായ വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കണം. ഒഴിവുകഴിവുകൾ പറഞ്ഞ് സംരംഭങ്ങൾക്ക് അനുമതി നിഷേധിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

വ്യവസായ മേഖലയിൽ മുന്നേറ്റമുണ്ടാക്കുക എന്നതാവണം ലക്ഷ്യം. പ്രാദേശികമായി ലഭ്യമാവുന്ന ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങളുണ്ടാക്കാൻ വ്യവസായ മേഖലയെ ഉപയോഗപ്പെടുത്തണം. ചെറുകിട, പരമ്പരാഗത, കുടിൽ-തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചുകൊണ്ട് കൂടുതൽ ചെറുകിട സംരംഭങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുകയും ഉത്പാദന മേഖലകൾ വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. കൂടുതൽ സംരംഭകർ സംസ്ഥാനത്തേക്ക് വരുമ്പോൾ അവർക്ക് ആകർഷകമായ രീതിയിൽ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. അവർക്കു സാങ്കേതികത്തികവോടുകൂടിയ വിവര-വിതരണ ശൃംഖലകൾ തീർക്കണം. അതു കാലികമായി നവീകരിക്കുകയും വേണം.

കോവിഡ് അതിജീവനത്തിന്റെ ഭാഗമായി ഇനിയും നൂതനമായ ആശയങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതായുണ്ട്. കോവിഡ് മഹാമാരിയെ നേരിടാൻ പ്രാദേശികമായി നാം നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളാണ് ഫലപ്രദമായ സംസ്ഥാനതല ഏകോപനത്തോടെ, നേതൃതല ഇടപെടലോടെ, വിജയം കണ്ടത്. കോവിഡാനന്തര ഘട്ടത്തിൽ ഗ്രാമീണ സമ്പദ്ഘടനയെ ഉണർത്താനുമുള്ള ഇടപെടലുകൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുക എന്നതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുന്നിലുള്ള വലിയൊരു ദൗത്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് സംവിധാനം കാര്യക്ഷമമായി നടപ്പാക്കിയ ഒരു സംസ്ഥാനമാണ് കേരളം. നിലവിലുള്ള എല്ലാ സേവനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരൊറ്റ വിവരവ്യൂഹമായി പ്രാദേശിക ഭരണസംവിധാനങ്ങളെ ഏകോപിപ്പിക്കാൻ കൂടിയാണ് സർക്കാർ ശ്രമിക്കുന്നത്. അതോടെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതടക്കം എല്ലാ സേവനങ്ങളും സമയബന്ധിതമായി നൽകാൻ നമുക്കു കഴിയും.



സാങ്കേതികവിദ്യയെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടു സർക്കാർ നടപടിക്രമങ്ങളും പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകളും ലഘൂകരിക്കുകയാണ് സർക്കാർ ചെയ്യുന്നത്. 65 വകുപ്പുകളിലെ അറുന്നൂറ്റിപ്പത്ത് സേവനങ്ങളാണ് ഓൺലൈനായി ഇപ്പോൾ ലഭ്യമാക്കുന്നത്. അതിനായി പ്രത്യേക മൊബൈൽ ആപ്പും നിർമ്മിച്ചു. വാതിൽപ്പടി സേവനങ്ങളും യാഥാർത്ഥ്യമാക്കുകയാണ്. അങ്ങനെ ജനങ്ങൾക്കൊപ്പമാണ് സർക്കാർ എന്നതു പ്രവൃത്തിയിലൂടെ തെളിയിക്കുകയാണ്.

ജീവനക്കാർക്കുള്ള ഒരു സന്ദേശം ഇതിൽ അടങ്ങിയിട്ടുണ്ട്. സർക്കാരിനും ജനങ്ങൾക്കും ഇടയിൽ പ്രവർത്തിക്കുന്നവർ എന്ന നിലയിൽ നിങ്ങൾ പൊതുജനങ്ങളുടെ പ്രശ്നങ്ങൾ ലഘൂകരിക്കാനാണ് ശ്രമിക്കേണ്ടത്. അവയെ സങ്കീർണ്ണമാക്കാനല്ല. അവരോടു സൗമ്യമായും സൗഹാർദ്ദപരമായും ഇടപെടാൻ ശ്രദ്ധിക്കണം. എന്നാൽ മാത്രമേ സർക്കാരിനെക്കുറിച്ചും ജീവനക്കാരെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ജനങ്ങൾക്കു മതിപ്പുണ്ടാവുകയുള്ളൂ. അത്തരത്തിൽ പൊതുസേവനദായകരോടുണ്ടാവുന്ന മമത പൊതുസേവനങ്ങളും സംവിധാനങ്ങളും കൂടുതൽ ശക്തമായി നിലനിൽക്കണം എന്ന ബോധ്യം പൊതുജനങ്ങളിൽ സൃഷ്ടിക്കാൻ ഉപകരിക്കും.

അതാകട്ടെ, സർക്കാർ സംവിധാനങ്ങളെയും പൊതുസേവനങ്ങളെയും ഇല്ലായ്മ ചെയ്യണം എന്നു വാദിക്കുന്നവർക്കുള്ള മറുപടി പൊതുജനങ്ങൾ തന്നെ നൽകുന്ന സ്ഥിതിയുണ്ടാക്കും. സേവനങ്ങൾക്കായി സർക്കാർ ഓഫീസുകളിൽ എത്തുന്നവർക്കു സംതൃപ്തിയോടെ മടങ്ങിപ്പോകാൻ കഴിയുന്ന സാഹചര്യം ഒരുക്കുന്നവരാവണം സിവിൽ സർവ്വീസിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർ എന്നാണ് സർക്കാർ കരുതുന്നത്. അതിനു വഴിയൊരുക്കുന്നതു കൂടിയാവണം തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയോജനം. ഒരു വൈജ്ഞാനിക നൂതനത്വ സമൂഹം എന്ന നിലയിലേക്കു കേരളത്തെ പരിവർത്തിക്കുവാൻ ശ്രമിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് നാം മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ടു തന്നെ വികസന - ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങൾ ഓരോ പൗരനിലേക്കും എത്തിച്ചേരേണ്ടതുണ്ട്. എന്നാൽ മാത്രമേ സമഗ്രതയിലൂന്നിയ സുസ്ഥിര വികസനം എന്ന കാഴ്ചപ്പാട് അർത്ഥവത്താവുകയുള്ളൂ. ആ നേട്ടത്തിലേക്ക് എത്തിച്ചേരുന്നതിൽ തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് വഹിക്കാനുള്ള പങ്ക് വളരെ വലുതാണ്. അതിനു പുതിയ ഊർജം നൽകുന്നതാകട്ടെ ഈ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് പ്രഖ്യാപനം എന്നാശംസിക്കുന്നു. □




# ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പും വികസന സാധ്യതകളും

■ ഹുസൈൻ എം. മിന്നത്ത്

പതിമൂന്നാം പദ്ധതിയുടെ (2017-22) തുടക്കം മുതൽ പ്രാദേശിക വികസന കാഴ്ചപ്പാടുകളിൽ കാതലായ ചില മാറ്റങ്ങളും അതിനായ് ധീരമായ ചില കാൽവെയ്പ്പുകളും സർക്കാർ നടത്തുകയുണ്ടായി. കാൽ നൂറ്റാണ്ട് പിന്നിടുന്ന ജനകീയാസൂത്രണത്തിന് പുതിയൊരു ദിശാബോധം നൽകുകയും വികസനത്തെ മറ്റൊരു തലത്തിലേക്ക് തിരിച്ച് വിടുന്നതിനുള്ള ചില നടപടികളും അതിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കുകയുണ്ടായി. തദ്ദേശ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന ലക്ഷ്യത്തിൽ നിന്നും സുസ്ഥിര വികസനലക്ഷ്യത്തിലേക്കുള്ള ചുവടുമാറ്റം ഇത്തരത്തിലുള്ള ധീരമായ കാൽവെയ്പ്പ് തന്നെയായിരുന്നു. അതിലുപരി നാളിതുവരെ സംസ്ഥാനം നേടി എടുത്ത എല്ലാ വികസനങ്ങളും നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നിലനിർത്തുന്നതിനോടൊപ്പം തന്നെ ഈ ജനകീയ വികസന മാതൃകയെ പുതിയ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ സുസജ്ജവും പര്യാപ്തവും ആക്കുന്ന ഒരു തലത്തിലേക്ക് സർക്കാർ ജനകീയാസൂത്രണത്തെ കൈപിടിച്ച് കൊണ്ട് പോവുകയുണ്ടായി എന്ന് തന്നെ പറയാവുന്നതാണ്. സമയബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായ പദ്ധതികൾക്ക് രൂപം നൽകുവാനും അവയുടെ നിർവ്വഹണം സാധ്യമാക്കുന്നതിനുമുള്ള ചില ഉറച്ച ചുവടുവെയ്പുകൾക്കും അതോടൊപ്പം പൊതുജനങ്ങൾക്ക് മികച്ച സേവനം ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾക്കും ഇക്കാലയളവിൽ തുടക്കമിടുകയുമുണ്ടായി.

തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഞ്ച് വകുപ്പുകളുടെ ഏകീകരണം ഇത്തരത്തിൽ നടപ്പിലാക്കിയ സുപ്രധാനമായ ഇടപെടലുകളിൽ ഒന്നാണ്. പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, പൊതുമരാമത്ത് വിഭാഗം, ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ അഞ്ച് വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് രൂപീകൃതമായ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് വഴി സർക്കാർ ലക്ഷ്യമിടുന്നത് പ്രാദേശിക ഭരണസംവിധാനത്തിലെ വിശാലമായ വികസന സാധ്യതകൾ വിനിയോഗിക്കുക മാത്രമല്ല പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്നതും കൂടിയാണ്. പല തലങ്ങളിൽ നിൽക്കുന്ന പ്രാദേശിക സർക്കാരുകളിൽ ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരികയും, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ എല്ലാമുള്ള സംയോജന സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുവാനും ലക്ഷ്യം വെക്കുന്നു. റൂറൽ, അർബൻ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ നാല് വിഭാഗങ്ങൾ ഉൾക്കൊ



ള്ളുന്ന ഏകീകൃത വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ആദ്യ കാൽവെയ്പ്പ് കൂടിയാണ്.

### ജില്ലാ പദ്ധതികളിലെ ഇടപെടലുകൾ

ജില്ലകളുടെ സമഗ്ര വികസനത്തിന് ഒരു സംയോജിത സമീപനം കൈക്കൊള്ളുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും 2018 ൽ രാജ്യത്തിന് തന്നെ മാതൃകയായി സംസ്ഥാനം ജില്ലാ പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. ജില്ലകളിലെ മുഴുവൻ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന ഭരണഘടനാ സമിതിയായ ജില്ലാ പ്ലാനിംഗ് കമ്മറ്റി (District Planning Committe) കളുടെ നേതൃത്വത്തിലാണ് ജില്ലാ പദ്ധതികൾക്ക് രൂപം നൽകിയത്. പ്രാദേശികവും, ധനപരവും, വകുപ്പ് തലത്തിലുമുള്ള വികസന സാധ്യതകളും ബഹുതല ആസൂത്രണ സാധ്യതകളും സമന്വയിപ്പിച്ച് കൊണ്ടുള്ള സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് ജില്ലാ പദ്ധതികൾ മുന്നോട്ട് വെയ്ക്കുന്നത്. വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാരുകളുടെയും വിവിധ വകുപ്പുകളുടെ വിവിധ പദ്ധതികളുടെ സംയോജനം പ്രോത്സാഹിപ്പിക്കുവാനും പുതിയ വികസന സാധ്യതകൾ നിർവ്വഹണ യോഗ്യമാക്കുവാനും ജില്ലാ പദ്ധതികൾ ലക്ഷ്യം വെച്ചിരുന്നു. മാറിമാറി വരുന്ന സാഹചര്യത്തിനനുസരിച്ച് പണ്ട് മുതലേ പിന്തുടരുന്ന പദ്ധതി രൂപീകരണ നിർവ്വഹണ രീതിയിൽ നിന്നും പ്രാദേശിക സർക്കാരുകൾ മാറി ചിന്തിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള വിശാലമായ സാധ്യതകളുമാണ് ഇത് വഴി പ്രാദേശിക സർക്കാരുകൾക്ക് തുറന്ന് നൽകുന്നത്. ദീർഘകാല സാമ്പത്തിക, സാമൂഹിക, പരിസ്ഥിതി ആവശ്യങ്ങൾക്ക് ശ്രദ്ധ നൽകുന്ന വലിയ പദ്ധതികളും സമഗ്ര പദ്ധതികളും പ്രാദേശിക സർക്കാരുകൾക്ക് ഏറ്റെടുക്കാൻ കഴിയുന്നില്ല എന്നതും, വലിയ ഭൗതിക നേട്ടമില്ലാത്ത ചെറിയ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്നും പൊതുവേ സംസാരമുണ്ട്. ഇതിന് പകരം ജില്ലയ്ക്കോ സംസ്ഥാനത്തിനോ മുഴുവൻ ഗുണം ലഭിക്കുന്ന സംയോജിത സാധ്യതകളുള്ള വലിയ പദ്ധതികൾ കണ്ടെത്താൻ പ്രാദേശിക സർക്കാരുകൾക്ക് സാധിച്ചാൽ അത് വികസനത്തിൽ വലിയൊരു മാറ്റത്തിന്റെ തുടക്കമായിരിക്കും എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. ദീർഘകാല ദർശനത്തിൽ ഉരുത്തിരിയുന്ന പദ്ധതികളും (Perspective Plan) പരിപാടികളും കണ്ടെത്തുന്നതിനും ബഹുതല ആസൂത്രണ സാധ്യതകൾ (Multi Level Planning) ഫലപ്രദമായി നടപ്പിലാക്കാനും ഉള്ള സാധ്യതകൾ കൂടി ഇത് വഴി തുറക്കുന്നു. ഇതിനായ് പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനായ്

**ജില്ലയ്ക്കോ സംസ്ഥാനത്തിനോ മുഴുവൻ ഗുണം ലഭിക്കുന്ന സംയോജിത സാധ്യതകളുള്ള വലിയ പദ്ധതികൾ കണ്ടെത്താൻ പ്രാദേശിക സർക്കാരുകൾക്ക് സാധിച്ചാൽ അത് വികസനത്തിൽ വലിയൊരു മാറ്റത്തിന്റെ തുടക്കമായിരിക്കും എന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല.**




സംയോജിത സാധ്യതകൾ കണ്ടെത്തി, ബൃഹദ്പദ്ധതികളുടെ രൂപീകരണത്തിനും, പഠനത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനും വേണ്ടി ജില്ലകളിൽ ജില്ലാ റിസോഴ്സ് സെന്ററുകൾ (District Resources Centre) 2019 ൽ സർക്കാർ സ്ഥാപിക്കുകയുണ്ടായി. ജില്ലാ പദ്ധതികളിലെ ഏകോപന സാധ്യതകൾ കണ്ടെത്തി പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായ് 2018-19 മുതൽ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. 2019 ലും 2020 ലും 40 കോടി രൂപയും 2021, 2022 വർഷങ്ങളിൽ 20 കോടി രൂപ വീതവും വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ആദ്യ മൂന്ന് വർഷങ്ങളിൽ വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാരുകളുടെയും വകുപ്പുകളുടെയും സഹായത്തോടെ സംയോജിത പദ്ധതികൾ കണ്ടെത്തുന്നതിൽ വലിയ ശ്രദ്ധ കാണിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നടപ്പ് സാമ്പത്തിക വർഷമാണ് (2021-22) ഇത്തരത്തിൽ ചില സംയോജിത പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയിൽ വന്നത് എന്നതും ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്. വിവിധ തലത്തിലെ പ്രാദേശിക സർക്കാരുകളുടെ ഏകീകൃത സ്വഭാവമില്ലായ്മയാണ് ഇതിനുള്ള പ്രധാന കാരണമായി സർക്കാർ നോക്കി കാണുന്നത്. ഇതിനെ മറികടക്കാൻ ഒരു പരിധി വരെ വകുപ്പുകളുടെ ഏകീകരണം വഴി സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

## 14-ാം പദ്ധതിയും വികസന സാധ്യതകളും

പ്രാദേശിക സർക്കാർ തലത്തിൽ നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിച്ച് ഒറ്റ വകുപ്പായി മാറുമ്പോൾ ഏറ്റവും ശ്രദ്ധേയമായ വസ്തുത സംസ്ഥാനം 14-ാം പദ്ധതി (2022-27) പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന്റെ മുന്നൊരുക്കത്തിലാണ് എന്നതാണ്. ഏകീകരണത്തിന്റെ പശ്ചാത്തലത്തിൽ ഓരോ ജില്ലയിലെയും പ്രത്യേകമായ സാഹചര്യങ്ങളും സാധ്യതകളും മുന്നിൽ കണ്ടുകൊണ്ട് ഫലപ്രദമായ ഇടപെടലുകൾ നടത്താനും അതിന് ആവശ്യമായ പിന്തുണ നൽകാനും ജില്ലാ ആസൂത്രണ സമിതികൾക്ക് സാധിക്കും എന്നതും ഒരു പ്രത്യേകതയാണ്. വിവിധ തട്ടുകളിലുള്ള പ്രാദേശിക സർക്കാരുകളെ ഒറ്റ തലത്തിൽ ഏകീകരിക്കാൻ സാധിക്കാത്തത് കൊണ്ടുണ്ടായ ന്യൂനതകൾ പരിഹരിച്ച് കൊണ്ട് സമയബന്ധിതമായും കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായ പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്നതിനുള്ള ചില ചുവടുവെയ്പുകളും നടത്താൻ കഴിയും എന്നതും അനുകൂല ഘടകമായി നിലനിൽക്കുന്നു.

## പ്രളയ-കോവിഡ് അതിജീവന പ്രവർത്തനങ്ങൾ

പ്രളയവും കോവിഡും സംസ്ഥാനത്ത് ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. സമ്പദ് വ്യവസ്ഥയെ അതിൽ നിന്നും മോചിപ്പിക്കുക എന്നത് വലിയൊരു വെല്ലുവിളി തന്നെയാണ്. ഐക്യരാഷ്ട്ര സഭയുടെ ദുരന്താനന്തര വിലയിരുത്തൽ കണക്ക് പ്രകാരം 2018 ലെ വെള്ളപ്പൊക്കം സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉൽപന്നത്തിൽ 31,000 കോടി രൂപയുടെ കുറവാണ് വരുത്തിയതെന്ന് ചൂണ്ടിക്കാണിക്കുന്നു. അതേ പോലെതന്നെ കോവിഡ് മൂലം സംസ്ഥാനത്തെ ആഭ്യന്തര ഉല്പന്നത്തിലെ (GSDP) നഷ്ടം 1.56 ലക്ഷം കോടി രൂപയും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ 22,148 കോടി രൂപയുടെയും നികുതിയേതര വരുമാനത്തിൽ 5,466 കോടി രൂപയുടെയും കുറവുമാണ് വന്നിട്ടുള്ളതെന്ന് 2020-21 ബഡ്ജറ്റ് കണക്കുകൾ പരിശോധിച്ചാൽ കാണാവുന്നതാണ്. സമ്പദ്വ്യവസ്ഥയെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ട് പോകുന്നതിന് പ്രാദേശിക തലം മുതൽ തന്നെ സമഗ്രമായ കാഴ്ചപ്പാടോടെ വികസന പദ്ധതികൾക്ക് രൂപം നൽകേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നേരിടേണ്ടി വരുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന് ജില്ലയിലെ കോവിഡ് അതിജീവന പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിലും പ്രാദേശിക സർക്കാർതലത്തിലും ഏകോപനം സാധ്യമാക്കുക എന്നതാണ്. ഇതിൽ ജില്ലാ ആസൂത്രണ സമിതികൾക്ക് വലിയ പങ്ക് വഹിക്കാനാവും. നൂതന വികസന പദ്ധതികൾ വിശാലമായ കാഴ്ചപ്പാടോടെ ആസൂത്രണ സമിതികൾ രൂപം നൽകുമ്പോൾ പദ്ധതികളുടെ നിർവ്വഹണം ശരിയായ ദിശയിൽ സാധ്യമാക്കുവാൻ നിലവിലെ തദ്ദേശ സ്ഥാപന വകുപ്പുകളുടെ ഏകീകരണം ഏറെ സഹായകരമാവും എന്നതിൽ സംശ യം വേണ്ട.

## ദുരന്തനിവാരണ പദ്ധതികളുടെ (Disaster Management Plan) നിർവ്വഹണം

പരിസ്ഥിതിലോല പ്രദേശങ്ങളുടെ സാന്നിദ്ധ്യം ഉള്ളതും ദുരന്തസാധ്യത ഏറെ

നിലനിൽക്കുന്നതുമായ പ്രദേശമാണ് കേരളം. സംസ്ഥാനത്തെ എല്ലാ ഗ്രാമ നഗര പ്രാദേശിക സർക്കാരുകളും ജില്ലാ ആസൂത്രണ സമതികളുടെ ആഭിമുഖ്യത്തിൽ 2019 ൽ ദുരന്തനിവാരണ പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. കോവിഡിന്റെ കൂടി പശ്ചാത്തലം പരിഗണിച്ച് കൊണ്ട് ഈ ദുരന്തനിവാരണ പദ്ധതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ട തായിട്ടുണ്ട്. മാത്രവുമല്ല പ്രാദേശിക ദുരന്ത സാധ്യതകൾ ലഘൂകരിക്കണമെങ്കിൽ ദുരന്തനിവാരണ പദ്ധതി നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക പദ്ധതികളുടെ ഭാഗമാക്കേണ്ടതും അവയുടെ നിർവ്വഹണം ഉറപ്പാക്കേണ്ടതും അനിവാര്യമാണ്. ഇക്കാര്യത്തിൽ ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വപര മായ ഇടപെടലുകൾക്ക് ശക്തി പകരുവാൻ ഏകീകൃത സംവിധാനത്തിൽ ഓരോ ജില്ല യിലെയും പ്രാദേശിക സർക്കാരുകളുടെ ഏകോപനം സാധ്യമാക്കുവാൻ വകുപ്പക ളുടെ എകീകരണം വഴി സാധിക്കും. വരും കാലങ്ങളിൽ ദുരന്ത സാധ്യതകൾ ഒഴിവാ ക്കുന്നതിൽ ഒരു പരിധി വരെ ഇത് സഹാ യകരമാകും.

## ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഫലപ്രദമായ വിനിയോഗം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (2020-25) മുതൽ പ്രാദേശിക സർക്കാരു കൾക്ക് ധനസഹായം അനുവദിക്കുന്ന മാനദണ്ഡങ്ങളിൽ, പ്രത്യേകിച്ച് നഗര തദ്ദേശസ്ഥാപനങ്ങൾക്ക്, കാതലായ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. പത്ത് ലക്ഷ ത്തിലധികം ജനസംഖ്യയുള്ള ആറ് മുനി സിപ്പൽ കോർപ്പറേഷനുകൾക്കും മലപ്പുറം നഗരസഭയ്ക്കും ലഭിക്കുന്ന ഗ്രാന്റ് വിനിയോഗി ക്കുമ്പോൾ പ്രസ്തുത ഗ്രാന്റ് കോർപ്പറേഷൻ പരിധിയിൽ മാത്രമല്ല നഗരസഞ്ചയങ്ങളുടെ ഭാഗമായി വരുന്ന കോർപ്പറേഷൻ പ്രദേ ശത്തോട് തൊട്ടുകിടക്കുന്ന പ്രാദേശിക സർക്കാർ പരിധി പ്രദേശത്തും വിനിയോ ഗിക്കേണ്ടതാണ്. വലിയൊരു തുകയാണ് നഗര സഞ്ചയ പ്രദേശത്ത് ഇത്തരത്തിൽ വിനിയോഗിക്കുന്നതിനായ് ധനകാര്യ കമ്മീഷൻ കോർപ്പറേഷനുകൾക്ക് വകയി രുത്തിയിരിക്കുന്നത്. ഇതിൽ കോർപ്പറേഷ നോട് ചേർന്ന് കിടക്കുന്ന ഒട്ടുമിക്ക നഗര ഗ്രാമ തദ്ദേശ സ്ഥാപനങ്ങളും ഉൾപ്പെടുന്നു എന്നതും ശ്രദ്ധേയമാണ്.



●●●

**പ്രാദേശിക ദുരന്ത സാധ്യതകൾ ലഘൂകരിക്കണമെങ്കിൽ ദുരന്തനിവാരണ പദ്ധതി നിർദ്ദേശങ്ങൾ പ്രാദേശിക സർക്കാരുകൾ അവരുടെ വാർഷിക പദ്ധതികളുടെ ഭാഗമാക്കേണ്ടതും അവയുടെ നിർവ്വഹണം ഉറപ്പാക്കേണ്ടതും അനിവാര്യമാണ്**

●●●

കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം പ്രാദേശിക സർക്കാരുകൾ ഫലപ്രദമായി വിനിയോഗിച്ചില്ലെങ്കിൽ തുടർവർഷങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തദ്ദേശ സ്ഥാ പനങ്ങൾക്ക് കിട്ടാതെ വന്നെന്നിരിക്കും. ഈ തുക കുടിവെള്ള ജലസംരക്ഷണം, ശുചിത്വ ഖരമാലിന്യം എന്നീ മേഖലകളിൽ പ്രത്യേക ഉദ്ദേശ ഗ്രാന്റായി (Tied Grant) വിനിയോഗിക്കാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുന്നുമുണ്ട്. ദ്രുതഗതിയിൽ നഗരവൽക്കരണം നടക്കു ന്ന കേരളം പോലൊരു സംസ്ഥാനത്ത് നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. എല്ലാ തലത്തിലുള്ള തദ്ദേശസ്ഥാപനങ്ങളുടെയും ഫലപ്രദമായ ഏകോപനം ഉണ്ടെങ്കിൽ മാത്രമേ ജില്ലക്ക് ആകമാനം ഗുണപ്രദമായ വൻകിട പദ്ധ തികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പല തട്ടുകളായി നിൽക്കുന്ന പ്രാദേശിക സർക്കാരുകളെ ജില്ലാ ആസൂത്രണ സമതികളുടെ ഏകോപന ത്തിനും പുറമേ വകുപ്പുകളുടെ ഏകീകരണം വഴി സാധ്യമാകുന്ന ഔദ്യോഗികതല ഏകോപനം വൻകിട കുടിവെള്ള ഖരമാലി ന്യ പദ്ധതികൾ ജില്ലകളിൽ നടപ്പിലാക്കുന്ന തിന് ആവശ്യമായ പിന്തുണാ സംവിധാനം ഉറപ്പാക്കുന്നതിന് സഹായകരമായിരിക്കും.

## പ്രത്യേക പദ്ധതികളുടെ നിർവ്വഹണം

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 10% പട്ടികജാതി/വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും തദ്ദേശസ്ഥാപനങ്ങൾ അവരുടെ പദ്ധതി വിഹിതത്തിന്റെ 10% വനിത വികസനത്തിനും 5% ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡറിനും 5% വൃദ്ധർ, പാലിയേറ്റീവ് കെയറിനുമുള്ള പദ്ധ തികൾക്കും നിർബന്ധമായും വകയിരുത്താ റുണ്ടെങ്കിലും കഴിഞ്ഞ കുറേ നാളുകളായി പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന പ്രത്യേക പദ്ധതികളുടെ ഗുണനിലവാരവും ഫലപ്രാപ്തിയും വിശകലന വിധേയമാക്കേ ണ്ടതാണ്. വകയിരുത്തുന്ന തുക പോലും

പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. സമഗ്രമായ കാഴ്ചപ്പാടോടെ വൻകിട പദ്ധതികൾക്ക് രൂപം നൽകുവാനും തികച്ചും പോസിറ്റീവായ ഒരു കാഴ്ചപ്പാടും സമീപനവും രൂപീകരിക്കേണ്ടതായിട്ടുണ്ട്. വകുപ്പുകളുടെ ഏകോപനം ഒരു പരിധി വരെ ഇതിന് സഹായകരമാകും.

## വകുപ്പുകളുടേയും വിവിധ വികസന ഏജൻസികളുടെയും ഏകോപനം

തദ്ദേശസ്ഥാപന ഏകീകരണം സാധ്യമാകുന്നതോടെ വിവിധ വകുപ്പുകളും കുടുംബശ്രീ അടക്കമുള്ള വികസന ഏജൻസികളും സംസ്ഥാന സർക്കാർ പദ്ധതികളും പ്രാദേശിക തലത്തിൽ കൂടുതൽ ഏകീകൃത തലത്തിലേക്ക് മാറ്റപ്പെട്ടും എന്ന് നിരീക്ഷിക്കപ്പെടുന്നു. നിലവിൽ കുടുംബശ്രീയും വിവിധ വകുപ്പുകളും നടപ്പിലാക്കുന്ന പല പദ്ധതികളും പ്രാദേശിക സർക്കാർ പദ്ധതികളുമായി സംയോജിക്കപ്പെടുകയോ ഏകോപനം സാധ്യമാക്കുകയോ ഇല്ല എന്നതൊരു യാഥാർത്ഥ്യമാണ്. ഗ്രാമീണ പ്രാദേശിക സർക്കാരുകൾ ചെറുതായെങ്കിലും സംയോജിത പദ്ധതികൾ ഏറ്റെടുക്കാറുണ്ടെങ്കിലും നഗരതലത്തിലുള്ള തദ്ദേശസ്ഥാപനങ്ങൾ സംയോജിത പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ഏറെ പിന്നിലാണെന്ന് കാണാവുന്നതാണ്. പല വകുപ്പുകളും നിലവിൽ പരസ്പര ബന്ധമില്ലാതെ ഒറ്റപ്പെട്ട തുരുത്തുകളായി പ്രവർത്തിക്കുന്ന അവസ്ഥക്ക് വലിയ മാറ്റം ഉണ്ടാകും എന്നതും ഏകീകരണത്തിന്റെ നേട്ടമായി ലക്ഷ്യംവെക്കുന്നുണ്ട്.

## കേന്ദ്രസംസ്ഥാന പ്രാദേശിക പദ്ധതികളുടേയും പാക്കേജുകളുടേയും ഏകോപനം

പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന പദ്ധതികളും വിവിധ വികസന പാക്കേജുകളും ഓരോ പ്രദേശത്തും നടപ്പിലാക്കുന്നുണ്ട്. പലപ്പോഴും ഈ വികസന പദ്ധതികളിലൊന്നും തന്നെ ഏകോപനം കാണുവാൻ സാധിക്കാറില്ല. പ്രാദേശിക സർക്കാർ ഏറ്റെടുക്കുന്ന പദ്ധതികൾ തന്നെ കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികളായി പലപ്പോഴും പ്രാദേശിക തലത്തിൽ നടപ്പിലാക്കാറുണ്ട്. കൂടാതെ, വികസന പാക്കേജുകളുടെ ഭാഗമായും എം.പി.ലാഡ്സ്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ചും വിവിധ വികസന പദ്ധതികൾ പ്രാദേശിക തലത്തിൽ ഏറ്റെടുത്ത് നടത്തുന്നുണ്ട്. വിവിധ ഏജൻസികളും വകുപ്പുകളും ഏറ്റെടുക്കുന്ന ഈ പദ്ധതികളിൽ ഫലപ്രദമായ ഏകോപനം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള 5 വകുപ്പുകളുടെ ഏകോപനം വഴി സാധ്യമായാൽ പദ്ധതി രൂപീകരണ നിർവ്വഹണ പ്രവർത്തനങ്ങളെയും വികസനത്തേയും മറ്റൊരു തലത്തിലേക്ക് കൊണ്ടുപോകുവാനും സാധിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.



## ഗ്രാമനഗര പദ്ധതികളിലെ ഏകോപനം

ദ്രുതഗതിയിൽ നഗരവത്ക്കരണം നടക്കുന്ന സംസ്ഥാനത്തെ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വിഭജന രേഖ വളരെ നേർത്തു വരുന്നതായി കാണാം. സംസ്ഥാനത്ത് ജനസംഖ്യ ഏകദേശം തുല്യമായ അനുപാതത്തിലാണ് ഗ്രാമനഗര പ്രദേശങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ ഗ്രാമനഗര വികസന പദ്ധതികളിൽ സമഗ്രമായ ഒരു ഏകോപനം സാധ്യമാക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. എന്നാൽ നിലവിൽ ഗ്രാമനഗര സർക്കാരുകളുടെ പദ്ധതികളിൽ ഒരു തരത്തിലുള്ള സംയോജന സാധ്യതകളും കാണുവാൻ സാധിക്കാത്തതിനാൽ തന്നെ തദ്ദേശ തലത്തിലെ 5 വകുപ്പുകളുടെ ഏകോപനം നഗരവല്ക്കരണം, മാലിന്യസംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഗ്രാമനഗര വ്യത്യാസമില്ലാതെ ജില്ലയ്ക്കും സംസ്ഥാനത്തിനും സമഗ്രമായ വികസന കാഴ്ചപ്പാടുകൾക്ക് രൂപം നൽകുന്നതിന് സഹായകമാകും.

ജനകീയാസൂത്രണം പോലൊരു വികസന മാതൃക സംസ്ഥാനത്ത് ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ നാളിത് വരെ നാം പിന്തുടർന്ന് വന്നിരുന്ന പല വികസന തന്ത്രങ്ങളിലും കാതലായ മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചോ എന്ന് പോലും സംശയിക്കേണ്ടിയിരിക്കുന്നു. മാറുന്ന കാലഘട്ടത്തിനും സാഹചര്യങ്ങൾക്കും അനുസരിച്ച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ട തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാരുകളെ മാറ്റേണ്ടിയിരിക്കുന്നു. പ്രാദേശികതലത്തിനും അപ്പുറത്തേക്ക് വിശാലമായ വികസന കാഴ്ചപ്പാടുകൾക്ക് രൂപം നൽകുന്നതോടൊപ്പം തന്നെ ജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരവും ഉയർത്തേണ്ടതായിട്ടുണ്ട്. ആ ഒരു തലത്തിലേക്ക് നിലവിൽ നടത്തിയ ഏകീകരണ സാധ്യതകളെ കൊണ്ടു പോകുവാൻ സാധിക്കുന്നിടത്താണ് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അർത്ഥവത്താകുന്നത്. □

*ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്*



# പാതകകാലം തടുത്തുനിർത്താൻ

## ജീവിതഗാഥകൾ പാടി വരുന്നു... കുടുംബശ്രീ

■ പ്രസാദ് കാവീട്ടിൽ

കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത സ്ത്രീകളുടെ ചരിത്രം സൃഷ്ടിക്കുകയാണ് കുടുംബശ്രീ മിഷന്റെ 'സ്ത്രീ ശക്തി കലാജാഥ 2022'. സ്ത്രീകൾ ഇന്ന് അനുഭവിക്കുന്ന പൊള്ളുന്ന ജീവിതപ്രശ്നങ്ങൾ നാടകത്തിലൂടെയും സംഗീത ശില്പത്തിലൂടെയും അവതരിപ്പിച്ച് നാടിനെ ഉണർത്തുകയാണ് ഈ സ്ത്രീ കൂട്ടായ്മ. വനിതാദിനമായ മാർച്ച് 8 ന് കോഴിക്കോട് വച്ച് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്ത കലാജാഥ, സംസ്ഥാനത്തെ 14 ജില്ലകളിലെ 700 ഓളം വേദികളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ഇന്നുവരെ ഒരു വേദിയിൽ പോലും കയറാത്തവരാണ് ഈ കലാകാരികളിൽ ഭൂരിപക്ഷവും. എന്നിട്ടും നാടുണർത്തുന്ന രംഗവേദിയിൽ അവർ ആത്മാർപ്പണം ചെയ്യുകയാണ്.

'സ്ത്രീപക്ഷ കേരളം' ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടതാണ് 'സ്ത്രീശക്തി കലാജാഥ'. സമൂഹത്തിലെ സ്ത്രീ വിരുദ്ധമായ ചിന്തയെയും പ്രവൃത്തിയെയും ഇല്ലാതാക്കാനുള്ള ക്യാമ്പയിന്റെ ഭാഗമാണ് ഈ കലാജാഥ. പുരോഗമന പരം എന്ന് നാം കരുതുന്ന കേരള സമൂഹത്തിൽ ഇന്നും സ്ത്രീകൾ അനുഭവിക്കുന്ന ലിംഗ വിവേചനം, സ്ത്രീധനം, സ്ത്രീ പീഡനം തുടങ്ങിയ വിഷയങ്ങൾ കലാപരിപാടികളിൽ അവതരിപ്പിക്കുന്നു. സ്ത്രീകൾ കാലങ്ങളായി അനുഭവിച്ചു കൊണ്ടിരിക്കുന്ന അടിച്ചമർത്തലുകൾ സ്ത്രീകൾ തന്നെ അവതരിപ്പിക്കുമ്പോൾ സമൂഹം അത് ഏറ്റെടുക്കുന്നു.

പ്രശസ്ത നാടക രചയിതാവും സംവിധായകനുമായ കരിവെള്ളൂർ മുരളി ക്യാമ്പ് ഡയറക്ടറായ പരിശീലന കളരിയിലാണ് കലാപരിപാടികൾ രൂപപ്പെടുത്തിയത്. കരിവെള്ളൂർ മുരളി രചനയും സംവിധാനവും നിർവ്വഹിച്ച 'പാട്ടുക ജീവിത ഗാഥകൾ' എന്ന സംഗീതശില്പത്തോടെയാണ് കലാപരിപാടികൾ ആരംഭിക്കുന്നത്. സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നീറുന്ന പ്രശ്നങ്ങൾ ഈ സംഗീതശില്പത്തിൽ വിഷയമാകുന്നു. കരിവെള്ളൂർ മുരളിയും റഫീക് മംഗലശ്ശേരിയും ചേർന്ന് രചിച്ച് റഫീക് മംഗലശ്ശേരി സംവിധാനം ചെയ്ത 'പെൺകാലം' പ്രേക്ഷക മനസ്സിൽ വിങ്ങലുണ്ടാക്കുന്നതാണ്. കുടുംബശ്രീ കലോത്സവത്തിൽ അവതരിപ്പിക്കാനുള്ള നാടക ക്യാമ്പിലൂടെ







യാണ് നാടകം മുന്നേറുന്നത്. നാടകത്തിലെ പ്രധാന നടിയായ ആവണിയുടെ വ്യാകുലതകൾ ഇന്ന് പെൺകുട്ടികൾ നേരിടുന്ന ജീവൽപ്രശ്നങ്ങളാണ്. പെൺകുട്ടികൾ അനുഭവിക്കുന്ന ലിംഗ വിവേചനവും അവരുടെ സ്വാതന്ത്ര്യത്തിന് വിലങ്ങിടുന്നതരം പ്രണയങ്ങളും പ്രണയനിരാസം മൂലം കൊലക്കത്തിയ്ക്ക് ഇരയാകുന്നതുമെല്ലാം നാടകത്തിൽ വിഷയമാകുന്നു. തന്റെ ആത്മാഭിമാനത്തിന് തടസ്സം സൃഷ്ടിക്കുന്ന കാമുകനെ തനിയ്ക്ക് വേണ്ടെന്ന് വയ്ക്കാനുള്ള സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന യുവതിയുടെ പ്രതീക്ഷയാണ് ആവണി. സ്വന്തം മകളെ പീഡിപ്പിക്കാൻ ശ്രമിച്ച ഭർത്താവിനെ കൊലപ്പെടുത്തി ജയിലിൽ പോയ സുമതിയുടെ മകളാണ് ആവണി. ജയിലിൽ നിന്ന് മടങ്ങി വരുന്ന സുമതി കാണുന്നത് കാമുകനാൽ കൊല ചെയ്യപ്പെട്ട മകൾ ആവണിയെയാണ്. മരണം പോലും ആഘോഷമാക്കുന്ന മാധ്യമങ്ങളുടെ നെറികേടിനെതിരെ പൊട്ടിത്തെറിക്കുന്നുണ്ട് സുമതി. പുരുഷന്മാർ തെറ്റ് ചെയ്താലും സ്ത്രീകൾ ക്ഷമിച്ച് ജീവിക്കണം എന്ന കുലസ്ത്രീ സങ്കല്പത്തെ കണക്കിന് പരിഹസിക്കുന്നുണ്ട് ഈ നാടകം.

ശ്രീജ ആറങ്ങോട്ടുകര രചനയും സംവിധാനവും നിർവ്വഹിച്ച 'സദസ്സിൽ നിന്ന് അരങ്ങിലേയ്ക്ക്' എന്ന നാടകം പ്രേക്ഷകരെയും അരങ്ങിന്റെ ഭാഗമാക്കുന്ന സങ്കേതമാണ് ഉപയോഗിച്ചിരിക്കുന്നത്. കലാപരിപാടി കാണാൻ ആകാംക്ഷയോടെ കാത്തിരിക്കുന്ന ജനക്കൂട്ടത്തിൽ നിന്നും ഉരുത്തിരിയുന്ന സംസാരമാണ് നാടകത്തിന്റെ പ്രത്യേകത. സ്ത്രീ-പുരുഷ സമത്വം, ഇഷ്ടപ്പെട്ട വസ്ത്രം ധരിയ്ക്കാനുള്ള സ്ത്രീയുടെ സ്വാതന്ത്ര്യം, സ്ത്രീയുടെ അവകാശങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് നാടകം ചർച്ച ചെയ്യുന്നത്.

ശ്രീജ ആറങ്ങോട്ടുകര രചിച്ച് സുധി ദേവയാനി സംവിധാനം നിർവ്വഹിച്ച 'അത് ഞാൻ തന്നെയാണ്' എന്ന നാടകം മൂന്ന് മൃതദേഹങ്ങളിലൂടെ ഭൂതകാലത്തിലേക്ക് യാത്ര തിരിക്കുകയാണ്. ദുരഭിമാനത്താൽ വീട്ടുകാരാൽ കൊല ചെയ്യപ്പെട്ടവൾ, കൂട്ട ബലാത്സംഗത്തിന് ഇരയായവൾ എന്നിങ്ങനെ ഇരകളാണ് അവർ.

കരിവെള്ളൂർ മുരളി രചനയും സംവിധാനവും നിർവ്വഹിച്ച ഇത് 'പെൺവിമോചന കനവുത്സവം' എന്ന സംഗീത ശില്പം പോരാട്ടമില്ലാതെ പാതയില്ല....വീറ്റുന നമ്മൾ മടങ്ങുകില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് കലാവിരുന്ന് അവസാനിക്കുന്നത്.

വിവിധ ഘട്ടങ്ങളിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെയാണ് 'സ്ത്രീശക്തി കലാജാഥ'യുടെ തയ്യാറെടുപ്പ്. ഡോ.ടി.കെ.ആനന്ദി, പ്രൊഫ. ഒലീന, ഡോ. സുജ സൂസൻ ജോർജ്ജ്, അമൃത റഹിം, വി.എസ്. ബിന്ദു, മാർഗ്ഗി തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന സ്ത്രീപക്ഷ ചർച്ചകളെത്തുടർന്ന് ഉരുത്തിരിഞ്ഞ് വന്നതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കൃത്യമായി ഇടപെടുമായിരുന്നു. തിരുവനന്തപുരത്ത് വച്ച് നടന്ന ആദ്യഘട്ട സംസ്ഥാനതല പരിശീലനത്തിൽ കരിവെള്ളൂർ മുരളിയെ ക്യാമ്പ് ഡയറക്ടറായി നിയോഗിച്ചു. പ്രശസ്ത നാടക രചയിതാവും സംവിധായകരുമായ റഫീക് മംഗലശ്ശേരി, ശ്രീജ ആറങ്ങോട്ടുകര, സുധി ദേവയാനി എന്നിവർ നാടകങ്ങൾ ചിട്ടപ്പെടുത്തി. ഷൈലജ, പി. അമ്പു, രാജരാജേശ്വരി എന്നിവർ സംവിധാന സഹായികളായി. സാംസൺ സിൽവ ഗാനങ്ങൾ ചിട്ടപ്പെടുത്തി. ഭൈരവി, ആര്യ, ഗ്രീഷ്മ എന്നിവർ ഗാനങ്ങൾ ആലപിച്ചു. രണ്ടാം ഘട്ട പരിശീലനം തൃശ്ശൂർ കിലയിൽ വച്ചാണ് നടന്നത്. 14 ജില്ലകളിൽ നിന്ന് 3 വീതം 42 സ്ത്രീകളാണ് പരിശീലനത്തിൽ പങ്കെടുത്തത്. ഈ 42 സ്ത്രീകളാണ് അവരവരുടെ ജില്ലകളിൽ പരിശീലനം നല്കി ജില്ലാ ടീം ഉണ്ടാക്കിയത്. സംസ്ഥാന പരിശീലവത്തിൽ പങ്കെടുത്തവർ സുജ ബി, ദീപ്തി പി, ഷൈലജ, എസ്. സിംലമോൾ, ജീജമോൾ കെ.എ, യശോദ ടി.വി, രാധാമണി എം, വത്സല എ.പി, ആശാറാണി, സുരഭി, ബിജി ജോയ്, മായ, പ്രസന്നകുമാരി, രാധാമണി പ്രസാദ്, കലാമണി, ബിന്ദു പി, മായ വി.ആർ, റീജ, മോളി, സിനി, സിന്ധു, ജയ മോഹനൻ, വിലാസിനി, മഞ്ജു ഉണ്ണികൃഷ്ണൻ, സുജന്തി, എ. ഗീത, വിജയലക്ഷ്മി, കാഞ്ചന കെ, ബിജി എം, മാധവി സി, രതി പി, ഭഗീരഥി ടി.പി, നിഷ മാത്യു, ഇ.പി. ചിത്ര, അംബിക രാജൻ, ആശ അഭിജിത്, വിദ്യ സുധീർ, പ്രിൻസി ജോൺ, സുധ ശ്രീധരൻ, ഉഷ തോമസ് എന്നിവരാണ്.

കഴിഞ്ഞ 2 പതിറ്റാണ്ടായി കുടുംബശ്രീ പ്രസ്ഥാനം സ്ത്രീകൾക്കിടയിലും പൊതുസമൂഹത്തിലും സൃഷ്ടിച്ച വിപ്ലവം വലുതാണ്. സ്ത്രീകളെ സാമ്പത്തികമായും സാമൂഹ്യമായും മുന്നേറാനും സ്വയം പര്യാപ്തമാക്കാനും കുടുംബശ്രീ വലിയ രീതിയിൽ സഹായകമായിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഉദാത്ത മാതൃക സൃഷ്ടിച്ച പ്രസ്ഥാനമാണ് കുടുംബശ്രീ. അങ്ങനെയുള്ള കുടുംബശ്രീയിൽ നിന്ന് പുതിയൊരു കാൽവയ്പ്പാണ് 'സ്ത്രീശക്തി കലാജാഥ'. കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ. ശ്രീവിദ്യ ഐ എ എസ്, സംസ്ഥാന മിഷൻ പ്രോഗ്രാം മാനേജർമാർ സിന്ധു, മനോജ് ബാലൻ, പബ്ലിക് റിലേഷൻസ് ഓഫീസർ മൈന ഉമൈബാൻ എന്നിവരാണ് കലാജാഥയ്ക്ക് നേതൃത്വം നല്കുന്നവർ. 14 ജില്ലകളിലെയും കുടുംബശ്രീ ജില്ലാ മിഷൻ സ്ത്രീശക്തി കലാജാഥ ജനങ്ങളിലെത്തിക്കുവാൻ നേതൃത്വം നല്കി. അതെ, അവർ ജനങ്ങൾക്കിടയിൽ പാടുകയാണ്.

പാടുക പാടുക ജീവിതഗാഥകൾ
പാതകൾ തോറും നാം
പാടി പാടി പാതകകാലം തടുത്തു നിർത്തുക നാം. □

*ലേഖകൻ പെർഫോമൻസ് ഓഡിറ്റ് - യൂണിറ്റ് 3 തൃശ്ശൂരിലെ സീനിയർ ക്ലാർക്കാണ്*









# KSEBL - സൗര പുരപ്പുറ സൗരോർജ്ജ പദ്ധതി
## - ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി സ്കീം

കേരളത്തിലെ സൗരോർജ്ജ വൈദ്യുതി ഉത്പാദന ശേഷി 1000 മെഗാവാട്ടിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പദ്ധതിയാണ് സൗര. പുനരുപയോഗ ഊർജ്ജ സ്രോതസുകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിന് പദ്ധതി സഹായകരമാണ്. ലക്ഷ്യമിടുന്ന 1000 മെഗാവാട്ടിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നു മാത്രമാണ്. ഇതിന്റെ ഭാഗമായി കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം പ്രഖ്യാപിച്ച രണ്ടാംഘട്ട സബ്സിഡി പ്രോഗ്രാമിന്റെ സഹായത്തോടെയും കേരള സർക്കാരിന്റെ അംഗീകാരത്തോടെയും ഗാർഹിക ഉപഭോക്താക്കൾക്കായി നടപ്പാക്കുന്നതാണ് ഈ സബ്സിഡി പദ്ധതി. ഈ പദ്ധതിയിൽ ശൃംഖല ബന്ധിത സൗരോർജ്ജ പ്ലാന്റാണ് സ്ഥാപിക്കുന്നത്.

1KWp പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തണൽ ഇല്ലാത്ത 100 sq ft സ്ഥലം ആവശ്യമാണ്. 1KWp നിലയത്തിൽ നിന്നും ഒരു ദിവസം ശരാശരി 4 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. നിലവിൽ സബ്സിഡി ഇല്ലാതെ സ്വന്തമായി നിലയം സ്ഥാപിക്കണമെങ്കിൽ പൊതുവിപണിയിൽ ഒരു കിലോവാട്ടിന് ശരാശരി 65000 - 75000 രൂപ ചെലവുവരുന്നുണ്ട്. എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡിൽ വളരെ കുറഞ്ഞ തുകയ്ക്കാണ് നിലയം സ്ഥാപിക്കുന്നത്.

നിലയത്തിന്റെ ഉടമസ്ഥതയും ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഉപഭോക്താവിന് തന്നെ ആയിരിക്കും. ഉപഭോഗം കഴിഞ്ഞു ഗ്രിഡിലേക്ക് പ്രവഹിക്കുന്ന അധിക വൈദ്യുതിക്ക് കെ.എസ്.ഇ.ബി തിരികെ പണം നൽകും. ഈ മോഡലിൽ നിലയത്തിന്റെ അറ്റകുറ്റപ്പണി ആദ്യ അഞ്ചു വർഷം നിലയം സ്ഥാപിക്കുന്ന കരാറുകാർ നിർവ്വഹിക്കും. 3 kWp വരെയുള്ള നിലയത്തിന് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം പ്രഖ്യാപിച്ചിരിക്കുന്ന ബെഞ്ച്മാർക്ക് കോസ്റ്റിന്റെ 40% സബ്സിഡിയും

| നിലയത്തിന്റെ ശേഷി (KWp) | ഉപഭോക്താവ് മുടക്കേണ്ട തുക (രൂപ) | ലഭിക്കാവുന്ന വൈദ്യുതി (യൂണിറ്റ്) |
|---|---|---|
| 1 | 54,140 | 120 |
| 2 | 95,725 | 240 |
| 3 | 133,117 | 360 |

Rates for plant of >3 KW to 10 KW

| നിലയത്തിന്റെ ശേഷി (KWp) | ഉപഭോക്താവ് മുടക്കേണ്ട തുക (രൂപ) | ലഭിക്കാവുന്ന ദ്വൈുതി (യൂണിറ്റ്) |
|---|---|---|
| 3.1 | 1,08,552 | 372 |
| 4 | 1,47,208 | 480 |
| 5 | 1,90,161 | 600 |
| 6 | 2, 33,113 | 720 |
| 7 | 2,76,064 | 840 |
| 8 | 3,19,017 | 960 |
| 9 | 3,61,969 | 1080 |
| 10 | 4,04,921 | 1200 |

അതുകഴിഞ്ഞുള്ള ഓരോ കിലോവാട്ടിനും (10 kW വരെ) 20 ശതമാനം സബ്സിഡിയും ലഭിക്കും. സബ്സിഡി കഴിഞ്ഞു വിവിധ നിലയങ്ങൾക്കു വേണ്ടി ഉപഭോക്താവ് മുടക്കേണ്ട തുകയുടെയും ലഭിക്കാവുന്ന വൈദ്യുതിയുടെയും ഏകദേശ വിവരം പട്ടികയിൽ കൊടുക്കുന്നു.

ടെൻഡറുകൾ വ്യത്യസ്തമായതിനാൽ പ്ലാന്റുകളുടെ നിരക്കുകളും വ്യത്യസ്തമാണ്.

മേൽ പട്ടികയിൽ കൊടുത്തിട്ടുള്ള നിരക്കുകൾ എല്ലാം പോളി ക്രിസ്റ്റലൈൻ മൊഡ്യൂളുകൾ ഉൾപ്പെടുന്ന പ്ലാന്റുകളുടേതാണ്. ഉപഭോക്താവ് മോണോ പെർക് മൊഡ്യൂളുകൾ ആണ് തിരഞ്ഞെടുക്കുന്നതെങ്കിൽ ഒരു കിലോവാട്ടിന് 3132.63 രൂപ അധികം നൽകേണ്ടി വരും. പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവശ്യക്കാർക്ക് ബാങ്ക് വായ്പ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഇപ്രകാരമുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ekiran.kseb.in എന്ന പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പോർട്ടലിൽ കെഎസ്ഇബി പ്രസിദ്ധീകരിച്ച ഡെവലപ്പർമാരുടെ ലിസ്റ്റിൽ നിന്നും അനുയോജ്യമായ ഡെവലപ്പറെ കൺസ്യൂമറിന് തിരഞ്ഞെടുക്കാവുന്നതാണ്. ഡെവലപ്പർ തിരഞ്ഞെടുപ്പ് പൂർത്തിയാക്കിയ കൺസ്യൂമറിന്റെ വിവരങ്ങൾ അതാത് ഡെവലപ്പർമാർക്കും കെഎസ്ഇബിക്കും ലഭിക്കുന്നതാണ്. കൺസ്യൂമർ ഡെവലപ്പറുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന ഉറപ്പുവരുത്തേണ്ടതാണ്. സ്ഥലപരിശോധനയിൽ പ്ലാന്റ് കപ്പാസിറ്റി, പ്ലാന്റ് കോസ്റ്റ്, ഉപയോഗിക്കുന്ന പാനൽ, ഇൻവർട്ടർ, ഇനിയും വിവരങ്ങൾ, അഡീഷണൽ സ്ട്രക്ചർ ആവശ്യമെങ്കിൽ അതു സംബന്ധിച്ച വിവരങ്ങളും കോസ്റ്റും എന്നീ കാര്യങ്ങളിൽ ഡെവലപ്പറുമായി ധാരണയിൽ എത്തേണ്ടതാണ്. പ്ലാന്റ് കോസ്റ്റ് സംബന്ധിച്ച ഡിമാൻഡ് നോട്ട് ഡെവലപ്പറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് ഡെവലപ്പറുമായി എഗ്രിമെന്റിൽ ഏർപ്പെടാവുന്നതാണ്. മെറ്റീരിയൽ ഡെലിവറി, നിലയത്തിന്റെ പൂർത്തീകരണം എന്നിവ സംബന്ധിച്ച ഷെഡ്യൂൾ ഡെവലപ്പറുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതാണ്. പ്ലാന്റ് കോസ്റ്റിൽ നിന്നും സബ്സിഡി കിഴിച്ചുള്ള തുക കൺസ്യൂമർ, ഡെവലപ്പറിന് നേരിട്ട് നൽകേണ്ടതാണ്.

> ●●●
>
> **കേരളത്തിലെ സൗരോർജ്ജ വൈദ്യുതി ഉത്പാദനശേഷി 1000 മെഗാവാട്ടിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പദ്ധതിയാണ് സൗര**
>
> ●●●

ഇൻസ്റ്റലേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഈ തുക കൈമാറേണ്ടതാണ്. അഡീഷണൽ സെക്യൂർ, നെറ്റ് മീറ്റർ, 50 മീറ്ററിൽ (AC+DC) അധികമായി കേബിൾ ആവശ്യമെങ്കിൽ ഇങ്ങനെ അധികമായി വരുന്ന കേബിൾ എന്നിവയുടെ വില കെഎസ്ഇബി പ്രസിദ്ധീകരിച്ചിട്ടുള്ള പ്ലാന്റ് കോസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

സോളാർ നിലയത്തിന്റെ അപേക്ഷാഫീസ് ആയ 180 രൂപ അടയ്ക്കുന്നത് ഡെവലപ്പറുടെ ഉത്തരവാദിത്തമാണ്. അപേക്ഷാഫീസ് ആയ 1180 രൂപ മുൻകൂട്ടി അടച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ഒഴിവാക്കി ബാക്കി തുക ഡെവലപ്പറിന് നൽകിയാൽ മതിയാകും. മുഴുവൻ തുകയുടെയും ചെക്ക് ഡവലപ്പറിന് നൽകിയിട്ടുണ്ടെങ്കിൽ അപേക്ഷാഫീസ് ആയ 180 രൂപ ഡെവലപ്പറിൽ നിന്നും തിരികെ വാങ്ങേണ്ടതാണ്.

പ്ലാന്റുകൾ ഗ്രിഡിലേക്ക് കണക്ട് ചെയ്യുന്നതിനുമുൻപ് കെഎസ്ഇബിയുമായി കൺസ്യൂമർ 200 രൂപ മുദ്രപത്രത്തിൽ നെറ്റ് മീറ്റർ എഗ്രിമെന്റ് എക്സിക്യൂട്ടീവ് ചെയ്യേണ്ടതാണ്.

സബ്സിഡി തുക ലഭിക്കുന്നതിനായി ഇലക്ട്രിസിറ്റി ബില്ലിന്റെ കോപ്പി, ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട്, ഡി സി ആർ കണ്ടന്റ് ഡിക്ലറേഷൻ, കൺസ്യൂമറുടെ ഫോട്ടോ തുടങ്ങിയവ അപ്‌ലോഡ് ചെയ്യുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ ഡെവലപ്പർക്ക് നൽകേണ്ടതാണ്. □

*തയ്യാറാക്കിയത് ചീഫ് എഞ്ചിനീയർ, പുനരുപയോഗ ഊർജ്ജ വിഭാഗം കെ.എസ്.ഇ.ബി. ലിമിറ്റഡ്.*



# കിട്ടാക്കനിയാകുന്ന കുടിവെള്ളം ലോക ജലദിനം മാർച്ച് 22

■ ടി. ഷാഹുൽ ഹമീദ്

“വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിപ്പാനില്ലത്രേ " എന്ന വാക്കുകൾ അന്വർത്ഥമായി കുടിവെള്ളം കിട്ടാക്കനിയാകുന്ന ലോകത്താണ് മറ്റൊരു ജലദിനം മാർച്ച് 22ന് കടന്നുവരുന്നത്, അടുത്ത മഹായുദ്ധം നടക്കാൻ പോകുന്നത് കുടിവെള്ളത്തിന് വേണ്ടിയാകും, കുടിവെള്ളത്തിന് സ്വർണത്തേക്കാൾ വിലവരും, മഹാനദികൾ മാലിന്യക്കൂമ്പാരങ്ങളാകുന്നു, കിണറുകളും കുളങ്ങളും രാസവസ്തുക്കളാലും ഖരമാലിന്യങ്ങളാലും മലിനസമായി ജലത്തിന്റെ നീരുറവകൾ മണ്ണിൽനിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു, കിണറിലെ വെള്ളം വറ്റുന്നതുവരെ വെള്ളത്തിന്റെ വില നമുക്ക് മനസ്സിലാവുകയില്ല, ശുദ്ധജലമാണ് ലോകത്തെ ഏറ്റവും വലിയ മരുന്ന്. ലോകത്ത് 1.386 ബില്യൺ ക്യൂബിക്ക് കിലോമീറ്റർ വെള്ളമുണ്ട്. അതിൽ 97 ശതമാനവും സമുദ്രത്തിലാണ്. രണ്ടു ശതമാനം മഞ്ഞുമലകൾ, ഒരു ശതമാനം മാത്രം ശുദ്ധജലം വിവിധ രൂപത്തിലുണ്ട്. ഭൂഗർഭ അറകളിൽ 30.1 ശതമാനവും ഭൂമിയുടെ ഉപരിതലത്തിൽ 0.3 ശതമാനവുംശുദ്ധജലമുണ്ട്.

നിലവിലുള്ള ശുദ്ധജലത്തിന്റെ 70% കൃഷിക്കും 22% വ്യവസായത്തിനും 8% വീട്ടാവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. നൂറ് കൊല്ലം മുമ്പ് ഉപയോഗിച്ചതിന്റെ ആറിരട്ടി വെള്ളമാണ് ഇപ്പോൾ ജനങ്ങൾ ഉപയോഗിക്കുന്നത്. ജലമുണ്ടെങ്കിലെ രാജ്യങ്ങൾക്ക് ഭാവിയെക്കുറിച്ച് ചിന്തിക്കുവാൻ കഴിയുകയുള്ളൂ. പകരംവയ്ക്കാനില്ലാത്ത ഒരു പ്രത്യേക വിഭവമാണ് വെള്ളം. പ്രകൃതിയിലുള്ള മറ്റു വിഭവങ്ങൾ പോലെ തന്നെ വെള്ളത്തിന്റെ മൂല്യം നമുക്ക് തിരിച്ചറിയാൻ പറ്റിയിട്ടില്ല. ആഫ്രിക്കയിലെ ഏറ്റവും വലിയ ആകർഷകമായ വിക്ടോറിയ വെള്ളച്ചാട്ടം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. നയാഗ്രയേക്കാൾ ഇരട്ടി ഉയരമുള്ള അത്ഭുതമാണ് അസ്തമിക്കാൻ പോകുന്നത്. 2020 ൽ ലോകജനതയിൽ 55 ശതമാനം പേരും നഗരങ്ങളിലാണ് അധിവസിക്കുന്നത്. അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ്



കേപ്ടൗൺ (ദക്ഷിണാഫ്രിക്ക) ബംഗ്ലൂർ പോലുള്ള പട്ടണങ്ങൾ നേരിടുന്നത്. അമിത ഉപയോഗത്താലും ഉപഭോഗത്വരയായുള്ള മാലിന്യങ്ങളിൽ വറ്റിവരണ്ട് ഉണങ്ങുക യാണ് ജലസ്രോതസ്സുകൾ. വെള്ളത്തി ന്റെ മഹത്തായ അനുഗ്രഹം മനുഷ്യന്റെ ആർത്തിമൂലം അപ്രത്യക്ഷമായിക്കൊ ണ്ടിരിക്കുന്നു. ഭൂമിയെ ഊർവരയാകുന്ന ജലസ്രോതസ്സുകൾ മണ്ണിനോട് ചേരാത്ത ഉൽപ്പന്നങ്ങളുടെ ആധിക്യം കാരണം പ്രയാസത്തിലാണ്. ലോകത്ത് പത്തിൽ എട്ടുപേർക്കും ജലം ആവശ്യാനുസരണം ലഭിക്കുന്നില്ല. ലോകജനസംഖ്യയിൽ 110 കോടി ജനങ്ങൾക്ക് ശുദ്ധജലം കിട്ടുന്നില്ല. ലോകത്ത് ശുദ്ധജലക്ഷാമം അതിരൂക്ഷ മായ 10 രാജ്യങ്ങളും ഏഷ്യയിലാണ്. 2030 ൽ നേടിയെടുക്കുവാൻ ഐക്യരാഷ്ട്രസഭ ലക്ഷ്യമിട്ട പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് ഏവർക്കും ശുദ്ധജലം ശുചിത്വ പൂർണമായ ജീവിതം, ഇതുരണ്ടും നേടിയെടുക്കണമെ ങ്കിൽ വലിയ കടമ്പകൾ തന്നെ രാജ്യങ്ങൾ കടക്കേണ്ടതായിട്ടുണ്ട്.

## 2022 ലെ ജലദിനം

ഈ വർഷത്തെ സന്ദേശം ഭൂഗർഭജ ലത്തെക്കുറിച്ചാണ്. കാണാൻ കഴിയാത്ത രീതിയിൽ കാണാവുന്ന ഭൂഗർഭജല ത്തെ സംരക്ഷിക്കുക എന്നതാണ് ഈ വർഷത്തെ ജലദിന സന്ദേശം. 1992 ബ്രസീലിലെ റിയോഡിജനിറയിൽ വച്ച് നടന്ന ആഗോള പരിസ്ഥിതി യോഗത്തി ലാണ് ആദ്യമായി ജലദിനം ആഘോഷിക്കു വാനുള്ള ചർച്ച തുടങ്ങിയത്. തുടർന്ന് 1993 ൽ ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി. ഇത് അംഗീകരിച്ചതോടെയാണ് മാർച്ച് 22 ലോക ജലദിനമായി ആഘോഷിക്കാൻ തുടങ്ങിയത്. ലോകത്തെ ഏറ്റവും വലിയ ശുദ്ധജലസ്രോതസ്സായ ഭൂഗർഭജലം സംര ക്ഷിക്കണമെന്ന ആഹ്വാനം കാലികമാണ്. ലോകത്തെ കുടിവെള്ളത്തിന്റെ 50% വും ഭൂഗർഭ ജലത്തിൽ നിന്നാണ് ലഭിക്കുന്നത്. ജനങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും വലിയ സമ്മർദ്ദമാണ് ഭൂഗർഭ ജലസ്രോത സ്സുകളിൽ ഉണ്ടാക്കുന്നത്. വെള്ളത്തിന്റെ ആവശ്യം 50% വർധിക്കുമ്പോൾ ഭൂഗർഭജലം 30% കുറഞ്ഞുവരുന്നു. നിലവിൽ ഉപയോഗം 19% വർധിച്ചു.

**നിലവിലുള്ള ശുദ്ധജലത്തിന്റെ 70% കൃഷിക്കും 22% വ്യവസായത്തിനും 8% വീട്ടാവശ്യങ്ങൾക്കുമാണ് ഉപയോഗിക്കുന്നത്. നൂറ് കൊല്ലം മുമ്പ് ഉപയോഗിച്ചതിന്റെ ആറിരട്ടി വെള്ളമാണ് ഇപ്പോൾ ജനങ്ങൾ ഉപയോഗിക്കുന്നത്**

## ഇന്ത്യയുടെ അവസ്ഥ

ലോകത്തിന്റെ ഭൂവിസ്തൃതിയിൽ 2.45 ശതമാനം മാത്രമുള്ള ഇന്ത്യയിൽ ലോകത്തിലെ ശുദ്ധജലത്തിന്റെ നാല് ശതമാനം മാത്രമാണുള്ളത്. ഇത് ലോക ജനസംഖ്യയുടെ 18 ശതമാനം വരുന്ന ജനങ്ങളും 15 ശതമാനം വരുന്ന കന്നുകാ ലികളും ഉപയോഗിക്കുന്നു. 10360 നദികളുള്ള ഇന്ത്യയിൽ 1592 ബ്ലോക്കുകളിലും 256 ജില്ലക ളിലും കടുത്ത ശുദ്ധജലക്ഷാമം അനുഭവിക്കു ന്നു. ഇന്ത്യയിലെ 820 ദശലക്ഷം ജനങ്ങളും 12 പ്രമുഖ നദീതീരങ്ങളിലാണ് വസിക്കു ന്നത്. ലോകത്ത് ഏറ്റവും കൂടുതൽ വെള്ളം ഉപയോഗിക്കുന്ന 10 രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. 82 ശതമാനം ഗ്രാമീണർക്കും ഇന്ത്യ യിൽ കുടിവെള്ളത്തിന് പൈപ്പ് കണക്ഷനി ല്ല. 70% ഉപരിതല വെള്ളവും മലിനമാണ്. 163 ദശലക്ഷം ജനങ്ങൾക്ക് ഇന്ത്യയിൽ വീടിനടുത്ത് ശുദ്ധജലമില്ല. 1951 ൽ ഇന്ത്യ യിൽ വ്യക്തികൾക്ക് 5177 ക്യൂബിക്ക് മീറ്റർ ശുദ്ധജലം ഉണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ 1545 ക്യൂബിക്ക് മീറ്ററും 2050 ൽ ഇത് 1140 ക്യൂബിക്ക് മീറ്ററായും കുറയും. ഇന്ത്യയിൽ 1999 ബില്യൺ ക്യൂബിക്ക് മീറ്റർ വെള്ളം വർഷത്തിൽ ലഭിക്കുന്നു. 80 മുതൽ 95 ശതമാനം ലഭിക്കുന്നത് മഴക്കാല മാസങ്ങ ളിലാണ്. ജല ഗുണനിലവാര സൂചികയിൽ 122 രാജ്യങ്ങളിൽ 120-ാം സ്ഥാനമാണ് ഇന്ത്യയ്ക്ക്, ജലലഭ്യത സൂചികയിൽ 188 രാജ്യങ്ങളിൽ 133-ാം സ്ഥാനമാണ് നമ്മുടെ രാജ്യത്തിനുള്ളത്. ലോകത്ത് ദുരന്തങ്ങൾക്ക് സാധ്യതയുള്ള രാജ്യമാണ് ഇന്ത്യ, പത്ത് ദുര ന്തങ്ങളിൽ ഒൻപത് എണ്ണവും വെള്ളവുമായി ബന്ധപ്പെട്ടതാണ്. 7500 കിലോമീറ്റർ കടൽ ത്തീരത്ത് 2 മുതൽ 3 മില്ലിമീറ്റർ വരെ കടൽ കരയെ കാർന്ന് തിന്ന് കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ 5745 ഡാമുകൾ ഉണ്ടെങ്കിലും എല്ലാവർക്കും ശുദ്ധജലം ഉറപ്പുവരുത്തുവാൻ ഇത് പര്യാപ്തമല്ല. 2012 ൽ ദേശീയ ജലനയം പ്രഖ്യാപിച്ച് പ്രവർത്തിക്കുന്നതും 2019 ൽ ആരംഭിച്ച ജലശക്തി അഭിയാൻ പദ്ധതിയും ജൽ ജീവൻ മിഷനും പ്രതീക്ഷ നൽകുന്നു.

## ശുദ്ധജലം മലിനമാകുന്നു

ലോകത്തെ വ്യാവസായികാവശ്യത്തിന് പുറത്തു വിടുന്ന 80% മലിനജലവും നഗരപ്രദേശങ്ങളിൽ നിന്നും പുറത്തുവിടുന്ന മലിനജലവും യാതൊരു മുൻകരുതലും ഇല്ലാതെയാണ് പുറത്തേക്ക് വിടുന്നത്. വിവിധ സാഹചര്യങ്ങളിൽ ഉണ്ടാകുന്ന മലിനജലത്തെ യഥാസമയം സംസ്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ജൈവാംശം വിഘടിച്ച് അതിൽനിന്നും വിവിധതരത്തിലുള്ള വാതകങ്ങൾ അന്തരീക്ഷത്തിൽ വ്യാപിക്കും. മീഥെയ്ൻ മുഖ്യഘടകമായ ബയോഗ്യാസ് വലിയ രീതിയിൽ അന്തരീക്ഷത്തിൽ പടരുന്നതാണ്. ലവണാംശം കലർന്നിട്ടില്ലാത്ത ജലം അന്യമായി കൊണ്ടിരിക്കുന്നു. കുപ്പിവെള്ളം സർവ്വവ്യാപിയായിരിക്കുന്നു. സൗകര്യങ്ങളില്ലാത്ത പാവങ്ങൾ അശുദ്ധിയുള്ള ജലം കുടിക്കുവാൻ നിർബന്ധിതരാകുന്നു. കോളിഫാം ബാക്ടീരിയയുടെ സാന്നിധ്യം ഇല്ലാത്ത നദികളും കുളങ്ങളും കിണറുകളും കണ്ടെത്താൻ പ്രയാസമാണ്. രാസവളങ്ങൾ, കീടനാശിനി, പക്ഷിമൃഗാധികളുടെ വിസർജ്ജം, രാസമാലിന്യങ്ങൾ, പ്ലാസ്റ്റിക്, ഒഴിഞ്ഞ മദ്യക്കുപ്പികൾ എന്നിവ നമ്മുടെ ശുദ്ധജലസ്രോതസ്സുകളെ വീർപ്പുമുട്ടിക്കുന്നു. സെപ്റ്റിക് ടാങ്കിൽ നിന്നും കിണറുകളിലിറങ്ങുന്ന മലിനജലം ബുദ്ധിമുട്ടിക്കുന്ന കിണറുകളാണ് ചുറ്റുവട്ടത്ത് ഏറിയതും. ലോകത്ത് കടൽവെള്ളം ശുദ്ധീകരിക്കുന്ന 16,000 ശുദ്ധീകരണശാലകളുണ്ട് ഇവിടെ 35 ബില്യൺ ക്യൂബിക്ക് മീറ്റർ വെള്ളം മാത്രമേ ശുദ്ധീകരിക്കുന്നുള്ളൂ. കൂടുതൽ ശുദ്ധീകരണ ശാലകൾ തുടങ്ങി ശുചീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുവാൻ രാജ്യങ്ങൾ വരുമാനത്തിന്റെ 10 ശതമാനം വരെ ധനം ചെലവഴിക്കുന്നു

## കേരളം എന്ത് ചെയ്യണം

73,74 ഭരണഘടനാ ഭേദഗതിയിലൂടെ കുടിവെള്ളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായി മാറി. ശുദ്ധജലക്ഷാമത്തിന് കാരണമാകുന്ന എല്ലാ ഘടകങ്ങളും നഗരവത്കരണം യാഥാർത്ഥ്യമായ കേരളത്തിൽ പ്രകടമാണ്. ലോകത്ത് നടക്കുന്ന മരണങ്ങളുടെ മൂന്നിലൊന്നും കുടിവെള്ളവുമായി ബന്ധപ്പെട്ടതാണ്. എൺപത് ശതമാനം രോഗങ്ങളും ജലജന്യരോഗങ്ങളാണ് എന്ന വസ്തുത കണക്കിലെടുത്ത് മുഴുവൻ ശുദ്ധജലസ്രോതസ്സുകളും മാപ്പോത്തോൺ ചെയ്ത് യുദ്ധകാലാടിസ്ഥാനത്തിൽ സംരക്ഷിക്കണം.





മണ്ണിന്റെ 33% ഫലഭൂയിഷ്ഠതയും നഷ്ടപ്പെട്ട കാലത്ത് ഒരു ദിവസം ലോകാരോഗ്യ സംഘടന പറയുന്ന 2.5 ലിറ്റർ ശുദ്ധജലം കുടിക്കുന്നതിന് ഓരോ വ്യക്തിക്കും ലഭ്യമാക്കാൻ സാധിക്കേണ്ടതായിട്ടുണ്ട്. ശുദ്ധജലത്തിന് വേണ്ടി കേഴുന്ന പ്രദേശങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്നു ജലം അമൂല്യമാണ്, പ്രകൃതിയുടെ വരദാനമാണ് കിണറുകൾ. ആവുന്നത്ര താഴ്ത്തിയും കുഴൽ കിണറുകൾ കുഴിച്ച് ഭൂഗർഭജലം ചൂഷണം ചെയ്തു ഏറ്റവും കൂടുതൽ ജല ഞെരുക്കം നേരിടുന്ന സംസ്ഥാനമാണ് കേരളം. 44



നദികൾ ഉണ്ടായിട്ടും വരൾച്ച ബാധിത പ്രദേശമാണ് കേരളം. ഫ്ലഷിൽ കൈവിരൽ അമർത്തുമ്പോൾ 5 മുതൽ 13 ലിറ്റർ വെള്ളം നഷ്ടപ്പെട്ടു പോകുമെന്ന വസ്തുത വിസ്മരിക്കുന്ന സമൂഹമാണ് കേരളത്തിൽ. പ്രതിദിനം 135 ലിറ്റർ വെള്ളം ഉപയോഗിക്കുന്നതിനുപകരം 550 ലിറ്ററിലധികം വെള്ളം ദിവസേന ഉപയോഗിക്കുന്ന ധാരാളിത്വമുള്ള പ്രദേശമാണ് കേരളം. ഉപഭോഗസംസ്കാരത്തിന്റെ ഏറ്റവും വലിയ ഇരയാണ് ശുദ്ധജല സ്രോതസ്സുകൾ. 1914 ൽ ഐക്യകേരളം നിലവിൽ വരുന്നതിനു മുമ്പ് കൊച്ചിയിലാണ് ആദ്യത്തെ കുടിവെള്ള പദ്ധതി കേരളത്തിൽ ഉണ്ടാകുന്നത്. അതിനുശേഷം 106 വർഷം കഴിഞ്ഞിട്ടും 33 ശതമാനം കേരളീയർക്ക് മാത്രമേ വാട്ടർ അതോറിറ്റി മുഖേന പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുവാൻ സാധിച്ചിട്ടുള്ളൂ. 3000 മി. മി മഴ ലഭിക്കുന്ന കേരളത്തിൽ മണ്ണിന്റെ ഭൗതിക രാസഘടന, ഉപരിതല പ്ലവനത, ഭൂമിയുടെ ഭൗതികസ്വഭാവം എന്നിവ അനുകൂലമായിട്ടും കേരളത്തിൽ ഭൂഗർഭജലവിതാനം ഉയർത്തുവാൻ കഴിയുന്നില്ല. സമാന്തരമായി കടന്നു പോകുന്ന ജല ഗോപുരമായ പശ്ചിമഘട്ടം ഉണ്ടായിട്ടും കേരളത്തിൽ വരൾച്ച എന്തുകൊണ്ട് സംഭവിക്കുന്നു? രണ്ടു ദശകങ്ങൾക്ക് മുമ്പ് പശ്ചിമഘട്ടത്തിൽ പെയ്ത മഴയുടെ മൂന്നിൽ രണ്ടു ഭാഗവും ഭൂഗർഭ അറയിലേക്കായിരുന്നു എത്തിയതെങ്കിൽ, ഇന്ന് അത് അറബിക്കടലിലേക്കാണ് ചെന്നു പതിക്കുന്നത്. ഭൂതലജല ന്യൂറോൺ ബ്ലോക്കുകൾ സർവ്വത്ര വ്യാപിയായിരിക്കുന്നു. ഭൂഗർഭ ജലസ്രോതസ്സുകൾ ഉൾവലിയുന്ന പ്രതിഭാസവും ചിലയിടങ്ങളിൽ കണ്ടുവരുന്നു. സംസ്ഥാനത്തെ 36 ശതമാനം ജലസ്രോതസ്സുകളും മലിനമാണ് പ്രളയത്തിനുശേഷം ഉപരിതല മണ്ണ് വ്യാപകമായി ഒലിച്ചുപോയതിനാൽ ജലം ഭൂമിയിലേക്ക് താഴുന്നില്ല. കാസർകോട്, പാലക്കാട് ജില്ലകളിൽ ഭൂഗർഭജലം രണ്ട് മീറ്റർ താഴ്ന്നു. ഭൂഗർഭജല വകുപ്പിന്റെ 756 ജല നിരീക്ഷണ കേന്ദ്രങ്ങളിലൂടെ പരിശോധന നടത്തിയതിൽ 75 സെ.മീ മുതൽ 2 മീറ്റർ വരെ ഭൂഗർഭജലം താഴ്ന്നു. 70 ശതമാനം കിണറിനെ ആശ്രയിക്കുന്ന കേരളത്തിൽ കിണർ വെള്ളം പരിശോധന നടത്തി ശുദ്ധത ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽ 300 ലക്ഷം കിണറുകൾ ഉള്ളതിൽ 60 ലക്ഷവും കേരളത്തിലാണ് ഉള്ളത്.ആഗോളതാപനത്തിന്റെ തോത് വർധിച്ചതും പസഫിക് സമുദ്രത്തിൽ രൂപംകൊണ്ട എൽനിനോ പ്രതിഭാസം കാരണവും കേരളത്തിൽ ചൂട് അനിയന്ത്രിതമായി കൂടുന്നു.

## ഇനി എന്ത് ?

ഏവർക്കും കുടിവെള്ളം എത്തിക്കുക എന്നത് വലിയ വെല്ലുവിളിയാണ്. ശുദ്ധജലം കാർഷികമേഖലയിൽ ഉപയോഗിക്കുന്നത്, മൈക്രോ ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ എന്നിവയിലൂടെ നിയന്ത്രിക്കുകയും റിഡ്ജ് ടു വാലി മുകളിൽ നിന്ന് താഴേക്ക് എന്ന സമീപനം സ്വീകരിച്ച് വെള്ളത്തെ ശേഖരിക്കുകയും നീർത്തട വികസനം യാഥാർത്ഥ്യമാക്കുകയും, ഗോവൻ മാതൃകയായ ബന്ധാർ സ്കീം നടപ്പിലാക്കുകയും, ജല ബഡ്ജറ്റ്, ജല ഓഡിറ്റ് എന്നിവ ഏറ്റെടുത്ത് നടത്തുകയും ചെയ്ത് ഭൂമിയുടെ അടിയിൽ തടയണ ഉണ്ടാക്കുകയും കോണ്ടൂർ ബണ്ട് പ്രാവർത്തികമാക്കുകയും ചെയ്ത് ഭൂമിയിലെ ന്യൂറോ ബ്ലോക്കുകൾ ശാസ്ത്രീയമായി ഇല്ലാതാക്കുകയും ചെയ്താൽ വെള്ളം ഒരളവുവരെ സംരക്ഷിക്കുവാൻ സാധിക്കുന്നതാണ്. ആയിരം ചതുരശ്ര അടി മേൽക്കൂരയിൽ ഒരിഞ്ച് മഴയിൽ നിന്ന് 2358 ലിറ്റർ മഴവെള്ളം സംഭരിക്കുവാൻ സാധിക്കും. ഓരോ പ്രദേശത്തെയും വെള്ളത്തിന്റെ ഡാറ്റ ശേഖരിച്ച് പ്രസിദ്ധീകരിക്കണം. ഇപ്പോൾ 39% ശുദ്ധജലം വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനു ഉപയോഗിക്കുന്നത് കാലക്രമേണ കുറച്ചുകൊണ്ട് വരണം. ലോകത്ത് ഒഴുകുന്ന വെള്ളത്തിന്റെ 14% മാത്രമേ തടഞ്ഞു വയ്ക്കുന്നുള്ളൂ. പുതിയ ഡാമുകൾ വികസിത രാജ്യങ്ങളിൽ മാത്രമേ ഉണ്ടാക്കുന്നുള്ളൂ. ലോകത്തിലെ ശുദ്ധജല ലഭ്യതയുടെ 45% അമേരിക്കയിലാണ്. അവരാണ് ലോകത്ത് ഏറ്റവും കൂടുതൽ വെള്ളം ഉപയോഗിക്കുന്നതും. ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ട് പ്രകാരം 2030 ആകുമ്പോഴേക്കും 40 % കുടിവെള്ള ക്ഷാമം വർധിക്കും. ചന്ദ്രനിൽ വെള്ളമുണ്ടോ എന്ന് അന്വേഷിക്കുന്ന മനുഷ്യൻ ചുറ്റുവട്ടത്തെ ജലസ്രോതസുകളെ അവഗണിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ കറൻസിയാണ് കാർബൺ എങ്കിൽ വെള്ളം അതിന്റെ പല്ലാണ് എന്നതിനാൽ ഭൂമിയിൽ ജീവിക്കുന്ന ഓരോ മനുഷ്യനും ജലത്തെ ഫലപ്രദമായി ഉപയോഗിക്കുകയും ഭൂമിയിൽ പതിക്കുന്ന ഓരോ തുള്ളി ജലവും സംഭരിക്കുവാനും സംരക്ഷിക്കുവാനും സദാ ജാഗരൂകരായി പ്രവർത്തിച്ചാൽ മാത്രമേ ലോകത്തിന്റെ ഭാവി ഭാസുരമാകുകയുള്ളൂ. ഇതിനായി ലോക ജലദിനത്തിൽ മനസ്സു തുറന്നു പ്രതിജ്ഞ ചെയ്യാം. □

*ലേഖകൻ അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്*




# തദ്ദേശ സ്ഥാപനങ്ങളിലെ GST യും GST TDS ഉം -ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

■ ദീപു പി.

തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ധാരാളം സംശയങ്ങളുള്ള ഒരു മേഖലയാണ് GST യും GST TDS ഉം. പലപ്പോഴും GST യും GST TDS ഉം ഒന്നാണ് എന്ന രീതിയിലാണ് പല തദ്ദേശ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. എന്താണ് GST എന്നും എന്താണ് GST TDS എന്നും നമുക്ക് ലളിതമായി മനസിലാക്കാം.

## GST

GST എന്നാൽ Goods and Service Tax ആണ് എന്ന് നമുക്കെല്ലാം അറിവുള്ളതാണല്ലോ. ഇന്ത്യയിൽ നിലനിന്നിരുന്ന വിവിധയിനം പരോക്ഷ നികുതികൾ ആയ VAT, Service Tax, Luxury Tax ,Entertainment Tax, Advertisement Tax എന്നിവ നിർത്തലാക്കി പകരം 12/04/2017 ലെ Central Goods and Service Tax Act (Central Act 12 of 2017) പ്രകാരം 01/07/2017 മുതലാണ് ഇന്ത്യയിൽ GST പ്രാബല്യത്തിൽ വന്നത്.

## തദ്ദേശ സ്ഥാപനങ്ങളും GST രജിസ്ട്രേഷനും

01/11/2017 ലെ 87/2017 നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും GST ചട്ടം 25 ാം വകുപ്പ് പ്രകാരം TAN,PAN ആധാരമാക്കിയുള്ള ജി എസ് റ്റി ജനറൽ രജിസ്ട്രേഷൻ എടുക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ 08/09/2020 ലെ 01/87/2019 എന്ന സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവയുടെ PAN ന്റെ അടിസ്ഥാനത്തിൽ Tax Payer എന്ന നിലയിലുള്ള ജനറൽ രജിസ്ട്രേഷൻ എടുക്കണമെന്നും കൂടാതെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ DDO മാരും ഘടക സ്ഥാപനങ്ങളിലെ DDO GST TDS Deductor എന്ന നിലയിലുള്ള ഒരു രജിസ്ട്രേഷനും എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## Payer എന്ന നിലയിലുള്ള ജനറൽ രജിസ്ട്രേഷൻ

ജി എസ് ടി ബാധകമായ എല്ലാ ഇനങ്ങളിലും കൂടി വാർഷിക വിറ്റുവരവ് 40 ലക്ഷം രൂപയും സേവനങ്ങൾക്ക് 20 ലക്ഷം




രൂപയും കവിയുന്നവരാണ് Payer എന്ന നിലയിലുള്ള ജനറൽ രജിസ്ട്രേഷൻ എടുക്കേണ്ടത്.

### തദ്ദേശ സ്ഥാപനങ്ങളും Payer എന്ന നിലയിലുള്ള ജനറൽ രജിസ്ട്രേഷൻ എടുക്കേണ്ടതിന്റെ ആവശ്യകതയും

ഒരു Tax Payer എന്ന നിലയ്ക്കാണ് തദ്ദേശ സ്ഥാപനങ്ങൾ GST ജനറൽ രജിസ്ട്രേഷൻ എടുക്കുന്നത്. അതായത് ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങളും സാധനങ്ങളും നൽകുമ്പോൾ അവയുടെ തുക സ്വീകരിക്കുമ്പോൾ ജി എസ് റ്റി കൂടി ഉൾപ്പെട്ട തുകയാവും വാങ്ങുക. അങ്ങിനെ കളക്ട് ചെയ്യുന്ന ജി എസ് റ്റി തുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിനാണ് Tax Payer എന്ന നിലയിലുള്ള GST രജിസ്ട്രേഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായി വരുന്നത് .

ഉദാഹരണം ഗ്രാമപഞ്ചായത്ത് ടെണ്ടർ ഫോറങ്ങൾ വിൽക്കുമ്പോൾ ഫോറവിലയോടൊപ്പം 18 % ജി എസ് ടി (9 % SGDT, 9% CGST) കൂടി വാങ്ങുന്നു. അതു പോലെ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഹാൾ, സ്റ്റാൾ, ഓഫീസുകൾ ഇവയുടെ വാടക സ്വീകരിക്കുമ്പോൾ അവയോടൊപ്പവും 18 % ജി എസ് ടി (9 % SGDT, 9% CGST) കൂടി വാങ്ങുന്നു. ഇങ്ങിനെ വിവിധ തരം സാധനങ്ങളും സേവനങ്ങളും വിൽക്കുമ്പോൾ അവയുടെ തുകയുടെ കൂടെ സ്വീകരിക്കുന്ന ജി എസ് ടി സർക്കാരിലേക്ക് അടയ്ക്കുന്നതിനും ആയതിന്റെ റിട്ടേൺ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്കുമായാണ് GST ജനറൽ രജിസ്ട്രേഷൻ എടുക്കുന്നത്. അതായത് സർക്കാരിനു വേണ്ടി ജി എസ് ടി എന്ന നികുതി സ്വീകരിക്കുന്നതിനു വേണ്ടിയാണ് നമുക്ക് ജനറൽ രജിസ്ട്രേഷൻ ആവശ്യമായി വരുന്നത് എന്ന് ചുരുക്കത്തിൽ പറയാം.

**സർക്കാരിനു വേണ്ടി ജി എസ് ടി എന്ന നികുതി സ്വീകരിക്കുന്നതിനു വേണ്ടിയാണ് നമുക്ക് ജനറൽ രജിസ്ട്രേഷൻ ആവശ്യമായി വരുന്നത് എന്ന് ചുരുക്കത്തിൽ പറയാം**

### GSTR 3 B ഫയലിംഗ്

മുകളിൽ പറഞ്ഞ രീതിയിൽ വിവിധ തരം സാധനങ്ങളും സേവനങ്ങളും വിൽക്കുമ്പോൾ നികുതിയായി സ്വീകരിക്കുന്ന തുക തൊട്ടടുത്ത മാസം 20 നുള്ളിൽ അടച്ച് റിട്ടേൺ ഫയൽ ചെയ്യണം. ഇത്തരം ഫയലിംഗിനെയാണ് GSTR3B ഫയലിംഗ് എന്നു പറയുന്നത്. ആ മാസം യാതൊരു ഇടപാടുകളും ഇല്ലായെങ്കിലും അതായത് ജി എസ് ടി ഇനത്തിൽ യാതൊരു തുകയും ആ മാസം സ്വീകരിച്ചിട്ടില്ലായെങ്കിലും GSTR3B ഫയലിംഗ് ചെയ്യണം.

### എന്താണ് GSTR1 ഫയലിംഗ്

ജനറൽ രജിസ്ട്രേഷനു കീഴിൽ വിവിധ തരം സാധനങ്ങളും സേവനങ്ങളും വിൽക്കുമ്പോൾ നികുതിയായി സ്വീകരിക്കുന്ന തുക ഓരോ ത്രൈമാസവും ആ ത്രൈമാസം കഴിഞ്ഞ് തൊട്ടുത്ത മാസം അവസാന തീയതിയ്ക്കകം അടവാക്കി ഫയൽ ചെയ്യുന്നതിനെ GSTR1 ഫയലിംഗ് എന്നു പറയുന്നു.

### GST TDS

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ നികുതി ബാധകമായ ചരക്ക് വാങ്ങുകയോ സേവനം സ്വീകരിക്കുകയോ ചെയ്യുതുമായി ബന്ധപ്പെട്ട് ടി ചരക്ക്/സേവനം നൽകിയ സപ്ലയർക്ക് പണം പൂർണമായോ ഭാഗികമായോ നൽകുമ്പോൾ കരാർ തുക രണ്ടര ലക്ഷം രൂപയിൽ അധികരിച്ചാൽ (ജി എസ് ടി ഒഴികെയുള്ള തുക) നൽകുന്ന തുകയിൽ നിന്നും അന്തർസംസ്ഥാന സപ്ലൈ (Inter State Supply) ആണെങ്കിൽ IGST ആയി 2% തുകയും സംസ്ഥാനത്തിന് അകത്തു തന്നെ നടന്ന സപ്ലൈ ആണെങ്കിൽ SGST ഇനത്തിൽ 1 % വും CGST ഇനത്തിൽ 1 % വും കിഴിവ് വരുത്തുന്ന പ്രക്രിയയെ TDS അഥവാ Tax Deducted at Source എന്നു പറയാം.

സപ്ലയറുടെ (Deductee) സ്ഥലവും സപ്ലൈ നടന്ന സ്ഥലവും സ്വീകർത്താവിന്റെ (Deductor ) സംസ്ഥാനത്തു നിന്നും വ്യത്യാസമാണെങ്കിൽ TDS കിഴിവ് വരുത്തേണ്ടതില്ല.

## തദ്ദേശ സ്ഥാപനങ്ങളിൽ ആരൊക്കെ TDS Registration എടുക്കണം.

08/09/2020 ലെ 01/87/2019 എന്ന സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും അവയുടെ PAN ന്റെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും Tax Payer എന്ന നിലയിലുള്ള ജനറൽ രജിസ്ട്രേഷൻ എടുക്കണമെന്നും കൂടാതെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ DDO മാരും ഘടക സ്ഥാപനങ്ങളിലെ DDO GST TDS Deductor എന്ന നിലയിലുള്ള ഒരു രജിസ്ട്രേഷനും എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

തദ്ദേശ സ്ഥാപന സെക്രട്ടറിയ്ക്ക് രണ്ടു രജിസ്ട്രേഷൻ നിർബന്ധമായും ഉണ്ടായിരിക്കണം. അതായത് Tax Payer എന്ന നിലയ്ക്കുള്ള ജനറൽ രജിസ്ട്രേഷനും TDS Deductor എന്ന നിലയിലുള്ള Deductor ടെ ഒരു രജിസ്ട്രേഷനും. എന്നാൽ ഘടക സ്ഥാപന മേധാവികൾക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും TDS Deductor എന്ന നിലയിലുള്ള Deductor ടെ ഒരു രജിസ്ട്രേഷൻ മതിയാകും . TDS Deductor രജിസ്ട്രേഷൻ എടുക്കാതെ TDS കിഴിവ് നടത്തുന്നത് നിയമവിരുദ്ധമാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പ്രോജക്റ്റിൻ പ്രകാരം 3 ലക്ഷം രൂപയുടെ വാങ്ങൽ നടത്തി. പ്രസ്തുത പ്രോജക്റ്റിൽ നിന്നും കിഴിവു ചെയ്യുന്ന TDS പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥനാണോ തദ്ദേശ സ്ഥാപന സെക്രട്ടറിയാണോ അടവാക്കി ഫയൽ ചെയ്യേണ്ടത്?

ഏത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രോജക്റ്റിൽ നിന്നായാലും അതാത് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ TDS കിഴിവ് ചെയ്ത് റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ട്. 08/09/2020 ലെ ഡിഎ1/87/2019/തസ്വഭവ സർക്കുലർ പ്രകാരം ഒരു തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥരും GST TDS Registration എടുക്കേണ്ടതും തങ്ങളുടെ പ്രോജക്റ്റിൽ നിന്നും കിഴിവ് ചെയ്യുന്ന TDS പ്രസ്തുത രജിസ്ട്രേഷൻ ഉപയോഗിച്ച് അടവാക്കേണ്ടതുമാണ്.

## GST TDS കിഴിവ് ചെയ്യേണ്ട സന്ദർഭങ്ങൾ

രണ്ടര ലക്ഷത്തിനു മുകളിൽ കരാർ തുക വരുന്നതും ജിഎസ്ടി ബാധകമായതുമായ സാധനങ്ങൾ വാങ്ങുമ്പോഴും പ്രവർത്തികൾ നടത്തുമ്പോഴുമാണ് GST TDS കിഴിവ് ചെയ്യേണ്ടത്.




ഉദാ-ഒരു തദ്ദേശ സ്ഥാപനം 3 ലക്ഷം രൂപയ്ക്ക് ഫർണീച്ചർ വാങ്ങി എന്നിരിക്കട്ടെ. 3,00,000 രൂപയുടെ ബില്ലിൽ 2,80,000 സാധനങ്ങളുടെ വിലയും 20,000 രൂപ ജി എസ് ടിയുമാണ് ( 10,000 രൂപ SGST യും 10,000 രൂപ CGST യും ) എന്ന് കരുതുക. ജി എസ് ടി ഒഴിച്ച് നിർത്തുമ്പോൾ ആ ബിൽ തുക 2,80,000 രൂപയാണല്ലോ . അപ്പോൾ ആ 2,80,000 രൂപയുടെ 2% GST TDS (1% SGST , 1% CGST) ആയി കിഴിവ് ചെയ്യണം .അതായത് 2,80,000/ രൂപയുടെ 2% ആയ 5600/ രൂപ ആകെ ബിൽ തുകയിൽ നിന്നും കിഴിവ് ചെയ്തിട്ട് ബാക്കി ( 3,00,000-5,600) 2,94,400/ - രൂപ കരാറുകാരന് നൽകണം.

മറ്റൊരു ഉദാഹരണം കൂടി നോക്കാം

ഒരു പ്രവൃത്തിയുടെ കരാർ തുക 5,00,000 രൂപയാണ്. പാർട്ട് ബില്ല് വന്നത് 2,00,000 രൂപയ്ക്കാണ് എന്ന കരുതുക(1,90,000 + 10,000 GST (5,000 SGST, 5,000 CGST) ഇവിടെ ആകെ ബിൽ തുക 2,50,000 രൂപയിൽ താഴെയാണ് അതു കൊണ്ട് TDS കിഴിവ് ചെയ്യേണ്ടതില്ലായെന്ന് കരുതുമെങ്കിലും യഥാർത്ഥത്തിൽ TDS കിഴിവ് ചെയ്യണം. കാരണം ആ പ്രവൃത്തിയുടെ കരാർ തുക 5,000,00 രൂപയാണ് . അതായത് പാർട്ട് ബില്ലുകൾ ലഭിക്കുന്ന സംഗതിയിൽ ലഭിക്കുന്ന ബിൽ തുകയല്ല പകരം കരാർ തുകയാണ് GST TDS ന ആധാരം എന്ന് സാരം.

## ഏതൊക്കെ പേയ്മെന്റുകൾക്കാണ് GST TDS ഒഴിവാക്കാവുന്നത്

- ലഭിക്കുന്ന ബില്ലിലെ തുക (ജി എസ് റ്റി ഒഴികെ ) 2,50,000 രൂപയിൽ താഴെയാണെങ്കിൽ ജി എസ് റ്റി റ്റി ഡി എസ് പിടിക്കേണ്ടതില്ല (പ്രസ്തുത വർക്കിന്റെ കരാർ തുക 2,50,000 രൂപയിൽ താഴെ ആയിരിക്കണം.
- GST ബാധകമല്ലാത്ത സാധനങ്ങളുടെ സപ്ലൈ 2,50,000 രൂപയ്ക്കു മുകളിലാണെങ്കിലും റ്റി ഡി എസ് ഈടാക്കേണ്ടതില്ല. ഉദാ മുട്ട. പാൽ മത്സ്യം, പോലുള്ളവയുടെ സപ്ലൈ.
- ജി എസ് റ്റി രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരൻ ആണ് എങ്കിൽ പ്രസ്തുത വ്യക്തിയുമായുള്ള കരാറുകൾക്കും സപ്ലൈകൾക്കും ജി എസ് റ്റി റ്റി ഡി എസ് ഈടാക്കേണ്ടതില്ല.
- സപ്ലയറുടെ സ്ഥലവും സപ്ലൈ നടന്ന സ്ഥലവും സ്വീകർത്താവ് (Deductee) രജിസ്ട്രേഷനുള്ള സ്ഥലത്ത് നിന്നും വ്യത്യസ്തമാവുമ്പോൾ റ്റി ഡി എസ് കിഴിവ് /നടത്തേണ്ടതില്ല.
- 08/09/2020 ലെ ഡി എ 1/87/2019/ തസ്വഭവ സർക്കുലർ പ്രകാരം സർക്കാർ , അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ജി എസ് ടി വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് തുക നൽകുമ്പോൾ

## Annexure A

Record to be Maintained by the DDO for Filing of GSTR 7

| Sl No | GSTIN of Deductee | Trade Name | Amount Paid to the Deductee on which Tax is Deducted | Integrated Tax | Central Tax | State / UTTax | Total |
|---|---|---|---|---|---|---|---|




അവരിൽ നിന്നും റ്റി ഡി എസ് കുറവ് വരുത്തേണ്ടതില്ല.

### GSTR 7 Filing

DDO ഏത് ദിവസമാണോ സപ്ലയർക്ക് പേയ്മെൻറ് ക്രെഡിറ്റ് ചെയ്ത് പ്രസ്തുത സ്രോതസിൽ നിന്നും റ്റി ഡി എസ് കിഴിവ് നടത്തിയത് അതിന്റെ തൊട്ടടുത്ത മാസം 10 ആം തീയതിയ്ക്കകം GSTN Online Portal ൽ Tax Deductor ക്കായി ലഭിച്ച ലോഗിനിൽ GSTR 7 Filing ചെയ്യേണ്ടതാണ്. പ്രസ്തുത റിട്ടേണിലൂടെയാണ് Deductor (DDO) സപ്ലയറിൽ നിന്നും (deductee ) കിഴിവ് വരുത്തിയ സർക്കാരിലേക്ക് ഒടുക്കേണ്ടത്.ഇത്തരത്തിൽ Deductor (DDO) റിട്ടേൺ ഫയൽ ചെയ്ത് തുക ഒടുക്കുമ്പോൾ Deductor ടെ Electronic Cash Ledger ൽ ആകെ ഒടുക്കിയ തുകയ്ക്ക് സമാനമായ ഒരു ഡെബിറ്റ് എൻട്രി ഉണ്ടായിരിക്കുന്നതാണ്. ആയത് ബന്ധപ്പെട്ടവർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

ഒരു മാസം റ്റി ഡി എസ് കിഴിവോതൻ മാസം സമർപ്പിക്കപ്പെട്ട റിട്ടേണിൽ തിരുത്തലോ ഇല്ലായെങ്കിൽ ആ മാസം GSTR 7 ഫയൽ ചെയ്യേണ്ടതില്ല.

### എന്താണ് Annexure A

GST TDS കിഴിവ് ചെയ്യുന്ന സ്ഥാപനം GSTR 7 File ചെയ്യുന്നതിനായി നിർബന്ധമായും തയ്യാറാക്കേണ്ട ഒരു രജിസ്റ്ററാണ് Annexure A .താഴെ പറയുന്ന ഫോർമാറ്റിലാണ് Annexure A തയ്യാറാക്കേണ്ടത്.

### TDS Certificate

GSTR7 ഫയൽ ചെയ്ത് കഴിഞ്ഞാൽ Deductee യുടെ ലോഗിനിൽ ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതാണ്. Deductee യ്ക്ക് ആയവ പരിശോധിച്ച് ശരിയാണെങ്കിൽ അപ്പ്രൂവ് ചെയ്യാവുന്നതാണ്. അപ്പ്രൂവ് ചെയ്യുന്ന മുറയ്ക്ക് Dedcuctee യുടെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ ഒടുക്കിയ റ്റി ഡി എസ് ഇനം ക്രെഡിറ്റ് ആവുകയും TDS Certificate ഇരു കൂട്ടർക്കും Download ചെയ്യാവുന്നതുമാണ്.

### Late Fee

Deductor റിട്ടേൺ ഫയൽ ചെയ്യേണ്ട അവസാന തീയതിക്ക് ശേഷമാണ് GSTR 7 ഫയൽ ചെയ്യുന്നതെങ്കിൽ ദിനം പ്രതി 200 രൂപ (SGST-100, CGST-100) നിരക്കിൽ late fee ഒടുക്കാൻ ബാധ്യസ്ഥനാണ് (പരമാവധി 10,000 രൂപ ) ഇത്തരത്തിൽ വൈകി റിട്ടേൺ ഫയൽ ചെയ്യുമ്പോൾ ബാധകമായ Late Fee റിട്ടേണിൽ സ്വയം രേഖപ്പെടുത്തണം.

### Interest

Deductor റിട്ടേൺ ഫയൽ ചെയ്യേണ്ട അവസാന തീയതിയ്ക്ക് ശേഷം GSTR 7 ഫയൽ ചെയ്യുകയും തൻമൂലം സർക്കാരിലേയ്ക്ക് സ്രോതസിൽ നിന്നും കുറവ് ചെയ്ത TDS വൈകി ഒടുക്കുകയും ചെയ്താൽ നിയമപരമായി ഒടുക്കേണ്ട തീയതിയ്ക്ക് ശേഷം എത്ര ദിവസം വൈകുന്നുവോ അത്രയും ദിവസത്തിന് 18 % വാർഷിക നിരക്കിൽ പലിശയൊടുക്കാൻ ബാധ്യസ്ഥരാണ്

### Penalty

നിയമപരമായും TDS കിഴിവ് വരുത്തേണ്ടതായ സംഗതികളിൽ Deductor ആയത് കിഴിവ് വരുത്തി സർക്കാരിലേയ്ക്ക് ഒടുക്കാതിരുന്നാലോ യഥാർത്ഥത്തിൽ കിഴിവ് വരുത്തേണ്ടതിനെക്കാൾകുറവ് തുക കിഴിവ് വരുത്തിയാലോ കിഴിവ് വരുത്തിയത് യഥാസമയം സർക്കാരിലേക്ക് ഒടുക്കാതിരുന്നാലോ പിഴയായി 20,000 രൂപയോ നിയമപരമായി ഒടുക്കേണ്ട TDS തുകയോ ഇതിലേതാണോ കൂടുതൽ ആയത് പിഴയായി ഈടാക്കുന്നതാണ്. □

*ലേഖകൻ പത്തനംതിട്ട, മൈലപ്ര ഗ്രാമപഞ്ചായത്ത് സീനിയർ ക്ലർക്ക് ആണ്*

# വാർത്തകൾ വിശേഷങ്ങൾ

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ലാപ്ടോപ്പ് വാങ്ങൽ - ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾക്കും ആവശ്യമുള്ള കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ സ്കാനർ, അനുബന്ധ സാധനങ്ങൾ എന്നിവ GEM പോർട്ടൽ മുഖേന വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.482/2022/ത.സ്വ.ഭ.വ തീയതി 28.02.2022

### കേരള സംസ്ഥാന സർക്കാർ പ്രോവിഡന്റ് ഫണ്ട് - ഉത്തരവ് പുറപ്പെടുവിച്ചു

കേരള സംസ്ഥാന സർക്കാർ പ്രോവിഡന്റ് ഫണ്ടിലും മറ്റ് സമാന പ്രോവിഡന്റ് ഫണ്ടിലുമുള്ള നിക്ഷേപത്തിന് 2022 ജനുവരി 1 മുതൽ 2022 മാർച്ച് 31വരെയുള്ള നിക്ഷേപങ്ങൾക്ക് പലിശനിരക്ക് 7.1 ആയി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(അച്ചടി) നം.15/2022/ധന തീയതി 10.02.2022

### കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമം - ഉത്തരവ് പുറപ്പെടുവിച്ചു

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി തരം തിരിക്കുന്നതിനുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം ബഹു റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ)നം 56/2022/RD തീയതി 22.02.2022

### തെരുവ് കച്ചവടം (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം 2018 - സർക്കുലർ പുറപ്പെടുവിച്ചു

തെരുവ് കച്ചവടക്കാർക്കായി നിലവിലുള്ള തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവടനിയന്ത്രണവും) ചട്ടം 2018 ഉം തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവടനിയന്ത്രണവും ലൈസൻസിംങ് ) സ്കീം 2019 ഉം നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നം ഡി.സി.1/2022/തസ്വഭവ തീയതി 22.02.2022

### വസ്തുനികുതി - സർക്കുലർ പുറപ്പെടുവിച്ചു

മൊബൈൽടവറുകളുടെ വസ്തുനികുതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നം ആർ.ഡി 3/94/2020/തസ്വഭവ തീയതി 26.02.2022

### സാമൂഹ്യസുരക്ഷാപെൻഷൻ സർക്കുലർ പുറപ്പെടുവിച്ചു

വിവിധ കാരണങ്ങളാൽ സാമൂഹ്യ സുരക്ഷാപെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഷ്കരിച്ച് ബഹു ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർനമ്പർ 7/2022/ധന തീയതി 09.02.2022

### തൊഴിൽ വകുപ്പ്- സൂര്യാഘാതം 2022 മുൻകരുതൽ - ഉത്തരവ് പുറപ്പെടുവിച്ചു.

വേനൽക്കാലം ആരംഭിച്ച സാഹചര്യത്തിൽ പകൽ താപനില ക്രമാതീതമായി ഉയരുന്നതിനാൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി 2020 ഫെബ്രുവരി മുതൽ 2022 ഏപ്രിൽ 30 വരെ തൊഴിൽ സമയം പുനഃക്രമീകരിച്ചുകൊണ്ട് ലേബർ കമ്മിഷണർ ഉത്തരവ് പുറപ്പെടുവിച്ചു.

ഉത്തരവ് നമ്പർ ഇ.എൻ.2/2022 തീയതി 21.02.2022

.

### ജനറൽ പർപ്പസ് ഗ്രാന്റ് - സർക്കുലർ പുറപ്പെടുവിച്ചു.

ജനറൽ പർപ്പസ് ഗ്രാന്റ് ഗഡുക്കൾ യഥാസമയം കൃത്യമായി ട്രഷറി അക്കൗണ്ടുകളിൽ വരവ് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.

നമ്പർ PAN/1191/2022/D5/DP തീയതി 07.03.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



# കാസർകോട്

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കേരളത്തിൽ ഏറ്റവും ഒടുവിൽ (1984 മേയ് 24) നിലവിൽ വന്ന ജില്ല. കണ്ണൂർ ജില്ല വിഭജിച്ചാണ് പുതിയ ജില്ല രൂപവത്ക്കരിച്ചത്. തെക്കൻ കാനറാ ജില്ലയുടെ ഭാഗമായിരുന്ന ഈ പ്രദേശം 1956 ലെ സംസ്ഥാന പുനഃസംഘടനയ്ക്കു ശേഷമാണ് കേരളത്തിൽ ലയിച്ചത്. ജില്ലയുടെയും ഇതേപേരിലുള്ള താലൂക്കിന്റേയും ആസ്ഥാനമായ മുനിസിപ്പൽ നഗരം. മഞ്ചേശ്വരം, കാസർകോട്, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നീ നാലു താലൂക്കുകൾ ചേർന്ന ഈ ജില്ല കേരളത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നു. പശ്ചിമഘട്ടം മുതൽ അറബിക്കടൽ വരെ വ്യാപിച്ചുകിടക്കുന്ന ഈ ജില്ലയിൽ പ്രസിദ്ധമായ അനേകം ഹിന്ദു-മുസ്ലീം-ക്രൈസ്തവ ദേവാലയങ്ങളുണ്ട്. 'ദൈവങ്ങളുടെ നാട്" എന്നു വിശേഷിപ്പിക്കാറുള്ള കാസർകോട് 'കോട്ടകളുടെ നാട്" എന്ന പേരിലും അറിയപ്പെടുന്നു. പുകയില ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തിലെ ഏകജില്ല കൂടിയാണിത്.

ബുദ്ധ ജൈനമതങ്ങളുടെ മുഖ്യകേന്ദ്രമായിരുന്ന കാസർകോട്. അറേബ്യൻ സഞ്ചാരികളുടെ രേഖകളിലുള്ള 'ഹർക്വില്യ' ഇതാണെന്നു കരുതുന്നു. കദംബരാജവംശത്തിന്റെ കീഴിലിരുന്ന കാസർകോട് പിന്നീട് വിജയനഗര സാമ്രാജ്യത്തിന്റെ ഭാഗമായി. 14-ാം ശതകത്തിൽ ബിദനൂർ നായ്ക്കന്മാർ അധികാരം പിടിച്ചെടുത്തു. ഈ രാജവംശത്തിലെ പ്രബലരാജാവായിരുന്ന ശിവപ്പ നായ്ക്കരാണ് (1645-1660) ചന്ദ്രഗിരിപ്പുഴയുടെ അഴിമുഖത്ത് പ്രസിദ്ധമായ ബേക്കൽകോട്ട നിർമ്മിച്ചത്. കേരളത്തിലെ കോട്ടകളിൽ ഏറ്റവും വലുത് ഇതാണ്. വലിയകുളം എന്നർത്ഥമുള്ള 'ബലിയാകുളം' ബേക്കളവും ബേക്കലുമായി. ബേവുകക്കല്ല് (Burning stone) ബേക്കളമായി എന്ന് ഐതിഹ്യം.

കേരളത്തിൽ ഏറ്റവും കൂടുതൽ നദികൾ ഉള്ളത് ഈ ജില്ലയിലാണ്. ചന്ദ്രഗിരിപ്പുഴയാണ് ഏറ്റവും നീണ്ട നദി (105 കി.മീ). മൗര്യചക്രവർത്തിയായിരുന്ന ചന്ദ്രഗുപ്തമൗര്യൻ അന്ത്യകാലം കഴിച്ചത് ഈ പുഴയുടെ ഉദ്ഭവസ്ഥാനത്താണെന്നും 'ചന്ദ്രഗിരി' ആ സ്മരണ പുലർത്തുന്നുവെന്നും പറയപ്പെടുന്നു. പഴസ്വിനിയാണ് ഈ പുഴയുടെ പ്രധാന പോഷക നദി.

കന്നടഭാഷയും സംസ്കാരവും ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ള കാസർകോട് 'സപ്തഭാഷാസംഗമഭൂമി' കൂടിയാണ്. മലയാളത്തിനും കന്നടത്തിനും പുറമെ തുളു, കൊങ്കിണി, മറാത്തി, ഹിന്ദുസ്ഥാനി, ഉർദു ഭാഷകളും ഇവിടെ പ്രചാരത്തിലുണ്ട്.

കാസർകോട് എന്ന പേരിനെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്.

1. കാഞ്ഞിരോട് എന്നായിരുന്നു പഴയ പേര്. പ്രാചീനരേഖകൾ ഇതിന് തെളിവാണ്. 'കാഞ്ഞിരകോടാ'ണ് കാഞ്ഞിരോടായത്. കാഞ്ഞിരമരങ്ങളുടെ നാട് എന്നർത്ഥം. കന്നടത്തിൽ കാഞ്ഞിരം 'കാസര'മാണ്. കന്നഡഭരണാധികാരികളുടെ വരവരോടെ സ്ഥലം 'കാസറ (ര) കോടായി.
2. കാസരം (കാട്ടുപോത്ത്) ധാരാളമുണ്ടായിരുന്ന സ്ഥലം.
3. കാട്ടുപോത്തിന്റെ കൊമ്പ് (The horn of the wild buffalo) ആണത്രേ സ്ഥലനാമപ്പിറവിക്ക് പിന്നിൽ. കോട് = അഗ്രം, കൊമ്പ്.
4. കാസര + ക്രോഡ = കാസർകോട്, കാസാര + തടാകം (സംസ്കൃതം). ക്രോസ = കൂട്ടം. ധാരാളം തടാകങ്ങൾ ഉള്ള സ്ഥലം (Land of Lakes)

കാഞ്ഞിരോടിന്റെ രൂപാന്തരമായി കാസർകോടുണ്ടായി എന്ന കരുതുകയാവും യുക്തിഭദ്രം. കന്നട സ്വാധീനത്താൽ കാസറഗോഡ് എന്നും എഴുതാറുണ്ട്. □

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

# മലയാളത്തിന്റെ പ്രായം

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

മഹാനദികളുടെ ഉറവകളുടെ ഉദ്ഭവം തിരയുന്നതു പോലൊരു സാഹസകൃത്യമാണ് മലയാളഭാഷയുടെ ഉദയം കണ്ടെത്തുക എന്നത്. മലയാളം എന്നതുതന്നെ ദേശനാമം ആയിരുന്നു. മല ആആജന്ന സ്ഥലം മലയാളം, മലകളുടെ നാട്, മലയുടെയും ആഴത്തിന്റെയും ഇടയ്ക്കുള്ള സ്ഥലം എന്നൊക്കെ വ്യാഖ്യാനങ്ങളുണ്ട്. മലനാട്, മലമ്പ്രദേശം എന്നാണ് വാക്കിന്റെ അർത്ഥം. യവനസഞ്ചാരികൾ കേരബത്രോസ് എന്നും അശോകമൗര്യൻ കെതലപൂത എന്നും അറബികൾ മലബാർ എന്നും ഈ ദേശത്തെ വിളിച്ചിരുന്നു.

ഒരു കാലത്ത് ചേരരാജാക്കൻമാരുടെ നാടായിരുന്ന ഇന്നത്തെ കേരളത്തിന്റെ ഭൂരിഭാഗം പ്രദേശവും. ചേര ചോള പാണ്ഡ്യ രാജാക്കൻമാരെ ചേർത്ത് മൂവരശൻമാർ എന്നു പറഞ്ഞിരുന്നു. മൂവരശരുടെ നാടാണ് തമിഴകം. നമ്മുടെ ദേശം പഴയ തമിഴകത്തിന്റെ ഭാഗമായിരുന്നു. തമിഴകത്തെ ഭാഷ ആദിമ ദ്രാവിഡ ഭാഷ അല്ലെങ്കിൽ പ്രാചീന തമിഴ് ആയിരുന്നു. അതിൽ നിന്ന് തുളു, കന്നഡ, തെലുഗു, തമിഴ്, മലയാളം എന്നീ ഭാഷകൾ പല കാലങ്ങളിലായി സ്വതന്ത്ര വ്യക്തിത്വം സ്ഥാപിച്ച് ഓരോ ദേശത്തെ ഭാഷയായി ത്തീർന്നു. ഈ ഭാഷകളുടെയെല്ലാം മൂലഭാഷയായ പഴയ തമിഴിനെ നമുക്ക് പൂർവ്വ മലയാള തമിഴ് ഭാഷ എന്നു വിളിക്കാം. ഈ പൂർവ്വ മലയാള തമിഴ് ഭാഷയുടെ പദസമ്പത്ത് മേൽപ്പറഞ്ഞ എല്ലാ ഭാഷകളുടെയും പൊതുവായ സമ്പത്താണ്. ഈ പദസമ്പത്തിന് ആയിരത്തി അഞ്ഞൂറിലേറെ വർഷത്തെ പഴക്കമുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ഈ പദസമ്പത്തിന്റെ പഴക്കത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളത്തിനും ശ്രേഷ്ഠഭാഷാപദവി ലഭിച്ചത്.



ഇന്ന് തമിഴിലെ പഞ്ചമഹാകാവ്യങ്ങളിലൊന്നായി ഗണിക്കുന്ന ചിലപ്പതികാരം ഈ പൂർവ്വ മലയാള തമിഴ് ഭാഷയിൽ വിരചിതമായ കൃതിയാണ്. ചേരരാജ്യത്തെ രാജാവായിരുന്ന ചേരൻ ചെങ്കുട്ടവന്റെ അനുജനായ ഇളങ്കോ അടികൾ രചിച്ചതുമാണ്. ഇവയിലെ പദങ്ങളിൽ നല്ലൊരു പങ്കും മലനാട്ടു വഴക്കങ്ങൾ ആണ്. അതുപോലെ തന്നെയാണ് സംഘകാല കൃതികളിലെ പദങ്ങളും. സംഘകാലകൃതികളിൽ 2381 പാട്ടുകൾ കണ്ടെടുത്തിട്ടുണ്ട്. ഇവയിൽ മുന്നൂറ്റമ്പതോളം പാട്ടുകൾ ചേരനാട്ടിനെക്കുറിച്ചുള്ളതാണ്. മലനാട്ടുകാരായ നാൽപ്പതിലേറെ കവികൾ സംഘം കവിതകളിലുണ്ട്. പരണർ, കപിലർ, കാക്കൈപ്പൊടിനിയർ, കല്ലാടൻമാർ തുടങ്ങിയവർ ഇക്കൂട്ടത്തിൽപ്പെടുന്നു. പതിറ്റുപ്പത്ത്, ഐങ്കുറു നൂറ്, പുറനാനൂറ്, അകനാനൂറ്, കുറുന്തൊകൈ തുടങ്ങിയ കൃതികൾ ഇവരുടെ രചനകളുടെ സമാഹാരങ്ങളാണ്. ഇവയിലെ പദസമ്പത്തിന്റെ ശേഖരണവും ഗവേഷണവുമാണ് മലയാളത്തിന്റെ പഴക്കം നിർണ്ണയിക്കാനുപയോഗിച്ചത്. ഇന്നത്തെ തമിഴിൽ ഉപയോഗിക്കാത്തതും ഇന്നത്തെ മലയാളത്തിൽ ഉപയോഗിക്കുന്നതുമായ നിരവധി പദങ്ങൾ ഇക്കൂട്ടത്തിലുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. പനി, പുഴക്ക്, കടിഞ്ഞൂൽ, പീടിക, പൊതി, തോണി, ഒരുപാട്, പാവ, പുലരി, കടവ്, കുപ്പായം തുടങ്ങിയവ ഉദാഹരണങ്ങൾ.

കൊല്ലവർഷാരംഭം (എ.ഡി.) മലയാള ഭാഷയുടെ പരിണാമത്തിന് അനുഗുണമായ അന്തരീക്ഷം സൃഷ്ടിച്ചു. അനേകകാലം കൊണ്ടാണ്മലയാളം അതിന്റെ സ്വതന്ത്ര വ്യക്തിത്വം പ്രദർശിപ്പിച്ചത്. അതിന് ഭൂമിശാ




സ്ഥപരമായും തൊഴിൽപരമായും സാമൂഹികമായും മറ്റും പല ഘടകങ്ങളുടെ സ്വാധീനമുണ്ടാകാം. സഹ്യപർവ്വതത്തിന്റെ അപ്പുറവും ഇപ്പുറവും കാലാവസ്ഥ തന്നെ വ്യത്യസ്തമാണ്. യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് ഈ വ്യത്യാസം കൂടുതൽ സ്വാധീനിക്കുക സ്വാഭാവികമാണ്. അതുപോലെ നമ്മുടെ പ്രദേശത്തെ അന്നത്തെഭാഷയെ ഏറെ സ്വാധീനിച്ച ഒരു ഘടകം ഇവിടേക്കു വന്ന ആര്യബ്രാഹ്മണരും അവരുടെ സംസ്കൃതഭാഷയുമാണ്. ക്രിസ്തു വർഷാരംഭം തൊട്ടേ കുടിയേറ്റങ്ങൾ തുടങ്ങിയിരുന്നു. ഏഴും എട്ടും നൂറ്റാണ്ടായപ്പോഴേയ്ക്കും അവരുടെ സംഖ്യ വളരെ വർദ്ധിക്കുകയുണ്ടായി. തുളുനാട്ടിൽ നിന്നാണ് അവരിലധികം ആളുകളും വന്നത്. കൃഷിയിടങ്ങളും പാർപ്പിട സൗകര്യങ്ങളും തേടിയെത്തിയ അവർ നിരവധി ബ്രാഹ്മണഗ്രാമങ്ങൾ സ്ഥാപിച്ചു. ഒൻപത്, പത്ത്, പതിനൊന്ന് ശതകങ്ങളിലുണ്ടായ ചെപ്പേടുകൾ, ശിലാലിഖിതങ്ങൾ, ശാസനകൾ, താളിയോലകൾ തുടങ്ങിയ പുരാരേഖകളിലായി മലയാളത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ച മനസ്സിലാക്കാൻ സാധിക്കും. പഴയ വട്ടെഴുത്തു കൊണ്ട് രേഖപ്പെടുത്താനാവാത്ത സംസ്കൃത അക്ഷരങ്ങൾ വിശേഷിച്ചും അതിഖരവും മൃദുഘോഷവും ഊഷ്മാക്കളും എല്ലാം എഴുതുന്നതിനായി പല്ലവഗ്രന്ഥലിപിയും അതിന്റെ ഉപോല്പന്നമായ ആദ്യയെഴുത്ത് ആയ മലയാളലിപിയും ഉണ്ടായി. അക്ഷരമാലയിലും പദസമ്പത്തിലും സംസ്കൃതം ചെലുത്തിയ സ്വാധീനം വളരെ വിപുലമാണ്. എന്നാൽ വ്യാകരണത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം ഉണ്ടായതുമില്ല.

ആദിദ്രാവിഡ ഭാഷ അഥവാ പൂർവ്വ മലയാള തമിഴ് ഭാഷയിലെ മലനാട്ടു വഴക്കങ്ങളിൽ സംസ്കൃതം, പാലി, പ്രാകൃതം, അപഭ്രംശം എന്നീ പ്രാകൃതഭാഷകൾ, ഹിന്ദി, തെലുഗു, ഉറുദു, കന്നഡ, തമിഴ് തുടങ്ങിയ ഭാരതീയഭാഷകൾ, ഫ്രഞ്ച്, ഗ്രീക്ക്, ജർമ്മൻ, പേർഷ്യൻ, അറബിക്, പോർച്ചുഗീസ്, ഇംഗ്ലീഷ് തുടങ്ങിയ വിദേശഭാഷകൾ നൽകിയ പദസമ്പത്തും ആശയസമ്പത്തും ഏല്ലാം ചേർന്നതാണ് ഇന്നത്തെ മലയാളം. അന്യഭാഷാപദങ്ങൾ നാം സ്വീകരിച്ചതു പോലെ മറ്റു ഭാഷകൾക്ക് നമ്മുടെ പദസമ്പത്ത് നൽകിയിട്ടുമുണ്ട്. അന്യഭാഷാപദങ്ങളുടെ സാന്നിദ്ധ്യം ഒരു ഭാഷയുടെ വളർച്ചയുടെ ലക്ഷണമല്ല. ഇന്ന് കേരളത്തിലും ലക്ഷദ്വീപിലുമായി മൂന്നരക്കോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷയാണ് മലയാളം. കേരളഭാഷ, മലയാംഭാഷ, മലയാളിം, മലയായ്മ, മലയാണ്മ, മലയാഴ്മ എന്നിങ്ങനെ പല പേരുകളിൽ മലയാളം അറിയപ്പെട്ടിരുന്നു. കേരളത്തെക്കുറിക്കുന്ന ഏറ്റവും പഴക്കമുള്ള പേര് 'പൽകുന്റ കൂട്ടം' എന്നാകുന്നു. പല കുന്നുകളുടെ കൂട്ടം എന്നർത്ഥം. ഇത് പിന്നീട് ചേരമാൻ നാല്പം ചേരമാൻ രാജ്യവും പിന്നീട് കുലശേഖര സാമ്രാജ്യവുമായി. പിന്നീട് ഒരു പതനത്തിന്റെ കാലഘട്ടമായിരുന്നു. തമ്മിൽ യുദ്ധം ചെയ്യുന്ന നിരവധി നാട്ടുരാജ്യങ്ങൾ ഇക്കാലത്താണ് പോർച്ചുഗീസ് രാഷ്ട്രീയാധിനിവേശം.

**ഈ പദസമ്പത്തിന് ആയിരത്തി അഞ്ഞൂറിലേറെ വർഷത്തെ പഴക്കമുണ്ടെന്നു കണ്ടെത്തിയിട്ടുണ്ട്. ഈ പദസമ്പത്തിന്റെ പഴക്കത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളത്തിനും ശ്രേഷ്ഠഭാഷാപദവി ലഭിച്ചത്**

**'കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ -**
**ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ'**

എന്ന് മഹാകവി പാലാ എഴുതുമ്പോൾ അത് മലയാളത്തിന്റെ വികാസത്തിന്റെ വിജയഗാഥ ആകുന്നു. □





മികച്ച നഗരസഭ ഒന്നാം സ്ഥാനം : സുൽത്താൻ ബത്തേരി



മികച്ച നഗരസഭ രണ്ടാം സ്ഥാനം : തിരൂരങ്ങാടി



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം ഏഴംകുളം, പത്തനംതിട്ട



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം കടമ്പനാട്, പത്തനംതിട്ട



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം മൈലപ്ര, പത്തനംതിട്ട



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം നെടുംമ്പ്രം, പത്തനംതിട്ട



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം റാന്നി അങ്ങാടി, പത്തനംതിട്ട



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം കരുവാറ്റ, ആലപ്പുഴ



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം തലയാഴം, കോട്ടയം



മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം എടപ്പാൾ, മലപ്പുറം

# സ്വരാജ് ട്രോഫി ഗ്രാമപഞ്ചായത്ത് - ജില്ലാതലം



തിരുവനന്തപുരം ഒന്നാം സ്ഥാനം - ചെമ്മരുതി ഗ്രാമപഞ്ചായത്ത്



കൊല്ലം ഒന്നാം സ്ഥാനം - ശൂരനാട് സൗത്ത് ഗ്രാമപഞ്ചായത്ത്



പത്തനംതിട്ട ഒന്നാം സ്ഥാനം - തുമ്പമൺ ഗ്രാമപഞ്ചായത്ത്



ആലപ്പുഴ ഒന്നാം സ്ഥാനം - വീയപുരം ഗ്രാമപഞ്ചായത്ത്



കോട്ടയം ഒന്നാം സ്ഥാനം - കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്



ഇടുക്കി ഒന്നാം സ്ഥാനം - കുമളി ഗ്രാമപഞ്ചായത്ത്



എറണാകുളം ഒന്നാം സ്ഥാനം - കുന്നുകര ഗ്രാമപഞ്ചായത്ത്



തൃശ്ശൂർ ഒന്നാം സ്ഥാനം - വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്



പാലക്കാട് ഒന്നാം സ്ഥാനം - വെള്ളിനേഴി ഗ്രാമപഞ്ചായത്ത്



മലപ്പുറം ഒന്നാം സ്ഥാനം - മാറഞ്ചേരി ഗ്രാമപഞ്ചായത്ത്



കോഴിക്കോട് ഒന്നാം സ്ഥാനം - വളയം ഗ്രാമപഞ്ചായത്ത്



വയനാട് ഒന്നാം സ്ഥാനം - മീനങ്ങാടി ഗ്രാമപഞ്ചായത്ത്



കണ്ണൂർ ഒന്നാം സ്ഥാനം - പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്



കാസർഗോഡ് ഒന്നാം സ്ഥാനം - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്



# നാട്ടുവിട്ടുപോയ നാടൻ പഴങ്ങൾ

■ **മുരളീധരൻ തഴക്കര**

നാമിപ്പോൾ വഴിയോരങ്ങളിൽ നിന്നും വാങ്ങുന്ന പഴങ്ങളിൽ എത്ര ഇനങ്ങൾ കേരളീയമാണ്. ഇന്ത്യ മുഴുവൻ സഞ്ചരിച്ചാലും നാം ഒരേയിനം പഴങ്ങൾ വഴിവക്കിൽ കാണും, അവ ആഗോളസമത്വം പ്രഖ്യാപിക്കുകയല്ല മറിച്ച് നമ്മുടെ ജീവിത പരിസരത്തുണ്ടായിരുന്ന പഴങ്ങളിലേറെയും അപ്രത്യക്ഷമായിരിക്കുന്നു എന്ന് പരോക്ഷമായി പറയുകയാണ്. പഴയകാലം ഓർമ്മകൾ കൊണ്ട് മാത്രമല്ല മധുരിക്കുന്നത്, പ്രകൃതി അന്ന് കനിഞ്ഞരുളിയ രുചിഭേദങ്ങൾ കൊണ്ടുകൂടിയാണ്. മരങ്ങളായും ചെടികളായും ഫലസമൃദ്ധിയോടെ എവിടെയും നമ്മുടെ ചുറ്റുപാടുകളിൽ നിറഞ്ഞുനിന്നവയെ നാം മണം കൊണ്ടും നിറം കൊണ്ടും രുചിഭേദം കൊണ്ടും തിരിച്ചറിഞ്ഞു. ഞാവൽപ്പഴം തിന്ന് നാവുകറുത്തു, ഇലഞ്ഞിപ്പഴം നുണഞ്ഞ് കുരു ദൂരെയ്യെറിഞ്ഞു, കാട്ടുതെച്ചിപ്പഴം കൈക്കുടന്നയിൽ സ്വീകരിച്ചു, അങ്ങനെ വൈവിധ്യത്തിന്റെ പുറംകാഴ്ചകളും നാവിൽ നിറഞ്ഞ രുചികളും- പലതും നട്ടുവളർത്തിയതായിരുന്നില്ല, താനേ മുളച്ച് നമുക്കായി വളർന്നവയാണ്. പണ്ട് സ്കൂളിലേക്കുള്ള യാത്രയ്ക്കിടയിലാണ് കുട്ടികൾ ഇവയൊക്കെ കാണുന്നതും കൂട്ടുകാരെല്ലാം ചേർന്ന് ഈ പഴങ്ങളിൽ പലതും പറിച്ചുതിന്നുന്നതും. പരിസ്ഥിതി ബോധത്തിന്റെയും പരിസരബോധത്തിന്റെയും ബാലപാഠങ്ങൾ ഇങ്ങനെയായിരുന്നു ഹൃദിസ്ഥമാക്കിയിരുന്നത്. ക്ലാസ്സിൽ പഠിക്കുന്നതും പഠിപ്പിക്കുന്നതുമായ പാഠങ്ങൾക്കപ്പുറത്ത് ജീവിതത്തെ പ്രകൃതിയുമായി വിളക്കിച്ചേർത്ത പാഠപുസ്തകമായിരുന്നു ഇടവഴികളും, വയൽ വരമ്പുകളും, നീരൊഴുക്കുതോടുകളും, പൊന്തക്കാടുകളും താണ്ടിയുള്ള സ്കൂൾ യാത്ര.

വിളഞ്ഞുപഴുത്ത ചൂരപ്പഴം തിന്നിട്ടുണ്ടോ? തനതായ ഒരു സ്വാദില്ലേ? ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളിലും മറ്റും പടർന്നുവളരുന്ന ചൂരലിന്റെ കായ് പഴുത്തുകഴിഞ്ഞാൽ അതിന്റെ തൊലി കളഞ്ഞ് മാംസളമായ ഭാഗം തിന്നാൻ നല്ല സ്വാദുണ്ടതിന്. ചൂരപ്പഴം നല്ല ശ്രദ്ധയോടെ സാവധാനം പറിച്ചെടുത്തില്ലെങ്കിൽ ദേഹമാസകലം ചൂരൽ മുള്ളുകൊണ്ടു മുറിയുകയും ചെയ്യും.

ഓടൽപ്പഴത്തിന്റെ കാലമായാൽ പിന്നെ ഏതു വള്ളിപ്പടർപ്പിലൂടെയും അള്ളിപ്പിടിച്ച് കയറി പഴുത്ത പാകമെത്തിയ ഓടൽപ്പഴം പറിച്ചിട്ടേ കുട്ടികളടങ്ങൂ. മഞ്ഞ നിറത്തിലുള്ള പഴുത്ത കായ് പറിച്ചെടുത്ത് കൈവെള്ളയിലിട്ടൊന്ന് കശക്കി പതം വരുത്തി പുറം തൊലി ലേശം കളഞ്ഞ് ഉറിഞ്ചി കഴിച്ചാൽ ഓടൽപ്പഴത്തിന്റെ മാധുര്യമുള്ള രസം നുകരാം. ഇതിനുള്ളിലായി കട്ടിയുള്ള തോടോടുകൂടിയ കുരു ഉണ്ട്. ഇതൊരു എണ്ണക്കുരുവാണ് ഇതാട്ടിയാണ് ഓടലെണ്ണ എടുക്കുന്നത്.

കുളമാങ്ങ എന്ന് കേട്ടിട്ടുണ്ടോ? കാവ്

കളിലും വനത്തോട് ചേർന്ന പ്രദേശങ്ങളിലും മരമായി വളർന്നിരുന്ന ഫലവൃക്ഷമാണിത്. വിളഞ്ഞുകൊഴിഞ്ഞുവീഴുന്ന കുളമാങ്ങ പെറുക്കിയെടുത്ത് അതിന്റെ കട്ടിയുള്ള പുറംതോട് പൊട്ടിച്ച് ഉള്ളിലുള്ള പരിപ്പാണ് തിന്നുക. ഇത്തിരി മാത്രമുള്ള കുളമാങ്ങയുള്ളിൽ ഇത്തിരിയോളമേ പരിപ്പുണ്ടാവുകയുള്ളൂ.

ഇലഞ്ഞിപ്പൂവിന്റെ മണം എത്ര ഹൃദയഹാരിയാണ്. ഇലഞ്ഞി പൂത്തുകഴിഞ്ഞാൽ കാറ്റ് നാടാകെ പൂമണം പരത്തും. ഇലഞ്ഞിപ്പൂക്കൾ കൊരുത്തു മാലയുണ്ടാക്കി പ്രിയപ്പെട്ട കൂട്ടുകാർക്ക് സമ്മാനിച്ച ബാല്യകാലസ്മൃതികൾ നമ്മളിൽ പലർക്കുമില്ലേ? ഇലഞ്ഞിപ്പൂപോലെ തന്നെയാണ് ഇലഞ്ഞിപ്പഴത്തിന്റെ ഉള്ളിലെ കുരുവിനോടുചേർന്നുള്ള മാംസളമായ ഭാഗം തിന്നിട്ടുള്ളവർക്കറിയാം ഇലഞ്ഞിപ്പഴത്തിന്റെ രുചിയും.

'ആനവായിൽ അമ്പഴങ്ങ' നാം സർവ്വസാധാരണയായി പറയുന്ന ഒരു ചൊല്ലാണിത്. പുറം പറമ്പുകളിലെ അതിരുകളിലും കാവുകളോടു ചേർന്ന പുരയിടങ്ങളുടെ അതിർത്തികളിലും വളർന്നിരുന്ന ഒരു ഫലവൃക്ഷമാണിത്. എത്രകണ്ടു പുളിയായിരുന്നാലും ഇവ പറിച്ചെടുത്ത് തിന്നാത്ത കുട്ടികളുണ്ടാവില്ല. മരമായി വളരുന്ന അമ്പഴത്തിൽ കുലകളായിട്ടാണ് അമ്പഴങ്ങ ഉണ്ടാകുന്നത്. കുരുന്ന പരുവത്തിൽ പറിച്ചെടുത്തു ഇത് ഉപ്പിലിടാറുമുണ്ട്.

തിന്നു കഴിഞ്ഞാൽ നാക്കും ചിറിയും വായും ഈസ്റ്റ്മാൻ കളറിലാകുന്ന ഒരു പഴമുണ്ട്. അതാണ് ഞാവൽപ്പഴം. ചവർപ്പുള്ള മാധുര്യമാണ് അതിന്റെ വേറിട്ട സവിശേഷത. ഞാവൽപ്പഴത്തിന്റെ കാലമായാൽ നാനാജാതി പക്ഷികൾ ഇതു തിന്നുവാനായി എത്തും.

കമ്പിളി നാരങ്ങയും, ഒടിച്ചുകുത്തി നാരങ്ങയും, കൊട്ടയ്ക്കയും, പൂച്ച കൊട്ടയ്ക്കയും, കാട്ടുചെത്തിപ്പഴവും തുടങ്ങി ഇനിയുമെത്രയോ നാടൻ ഫലങ്ങൾ. ഇവയിൽ പലതും കാണുവാനോ വേലിപ്പടർപ്പുകളിലും, പൊന്തക്കാടുകളിലും ധാരാളമായി ഉണ്ടായിരുന്ന ഈ നാടൻ പഴങ്ങളുടെ പേര് പോലും പറയുവാനോ നമ്മുടെ കുഞ്ഞുങ്ങൾക്കറിയില്ല. അതിനവരെ കുറ്റം പറഞ്ഞിട്ട് എന്ത് കാര്യം? വീടും സ്കൂളും സ്കൂൾ ബസ്സും, ട്യൂഷൻ ക്ലാസ്സും, എൻട്രൻസ് കോച്ചിംഗും, മൊബൈൽ ഫോണിലെ ഇമേജുകൾക്കും വീഡിയോ ഗെയിമുകൾക്കുമപ്പുറം വീടിന്റെ തൊടി പോലും പരിചിതമല്ലാത്ത കുട്ടികളാണേറെയും. മണ്ണിൽ ചവിട്ടിയാൽ രോഗം







## ...എന്ന് വായനക്കാർ

'ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് യാഥാർത്ഥ്യമാകുമ്പോൾ' എന്ന ശീർഷകത്തിൽ തദ്ദേശസ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പ്രസിദ്ധീകരിച്ച ലേഖനം, ഏകീകൃത വകുപ്പ് രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്ന ദീർഘകാല വികസനകാഴ്ചപ്പാടിന്റെയും സേവനപ്രദാനസംവിധാനത്തെ എപ്രകാരം പൊതുജനസൗഹൃദവും ലളിതവുമാക്കുന്നതിന് സഹായകരമാകുമെന്ന് വിശദീകരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണപ്രക്രിയ അതിന്റെ കാൽ നൂറ്റാണ്ട് പിന്നിടുന്ന ഈ ഘട്ടത്തിൽ ചരിത്രപരമായ അനിവാര്യത കൂടിയായിരുന്നു. പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതെന്ന് കാണാവുന്നതാണ്. പൊതുജനസേവനപ്രദാനം ഏറ്റവും താഴത്തട്ടിലുള്ള ആവശ്യക്കാരിലേക്ക് നേരിട്ട് എത്തിക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു സുപ്രധാന ചുവട് വയ്പും നാഴികക്കല്ലുമാണ് വകുപ്പ് ഏകീകരണത്തിലൂടെ സർക്കാർ സാധ്യമാക്കിയത്. വകുപ്പ് ഏകീകരണത്തിന്റെ സുപ്രധാന നാൾവഴികൾ സംബന്ധിച്ച് ഡി. ബാലമുരളി ഐ.എ.എസ്. പ്രസിദ്ധീകരിച്ച ലേഖനവും ഡോ. സി.പി. വിനോദ് ഡോ. രമാകാന്തൻ എന്നിവരുടെ ലേഖനങ്ങളും ശ്രദ്ധേയവും കാലിക പ്രസക്തവുമായിരുന്നു.

മുരളീധരൻ തഴക്കരയുടേതായി വന്ന എള്ളുകൃഷി എള്ളോളമില്ലാതെയാകുമോ എന്ന ലേഖനം, നമ്മുടെ പല പാരമ്പര്യ കാർഷിക ഉല്പന്നങ്ങളും അന്യംനിന്നുപോകുന്ന സാഹചര്യവും അതിനെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയും എടുത്തുകാട്ടുന്നതായിരുന്നു. ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പഞ്ചായത്ത്‌രാജ് മാസികയുടെ ജനുവരി ലക്കം ഉന്നതമായ നിലവാരം പുലർത്തുന്നു, ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ പേർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**പി. സുനിൽകുമാർ**
ആലപ്പുഴ

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

വരുമെന്ന് ഭയക്കുന്ന അഥവാ ആ ഭയപ്പാടോടെ വളർത്തുന്ന നമ്മുടെ കുഞ്ഞുങ്ങൾ നാടൻ പഴങ്ങൾ കാണുന്നതെങ്ങനെ?

ഇന്ന് നാം വലിയ വിലകൊടുത്തു പഴം വാങ്ങുമ്പോൾ ഉള്ളിൽ വല്ലാത്ത ആധിയാണ്. ഇതു മാരകമായ വ്യാധിയാകുമോ എന്ന കടുത്ത ആശങ്ക. എത്രകണ്ട് കീടനാശിനി എത്രമാത്രം രാസവളം ആമാശയത്തിൽ എത്തുമെന്ന ആധി. എവിടെപ്പോയി ഓർമ്മയിൽ രുചിയായി വിടരുന്ന ഫലങ്ങൾ? അവയെങ്ങും ഒളിച്ച് പോയതല്ല, നാം ഉപേക്ഷിച്ച കളഞ്ഞതാണ്. ഉപേക്ഷിച്ച കളയുന്ന നന്മകൾ തിരികെ വരില്ല, അവ ഭൂമി പിളർന്നു മറഞ്ഞുപോയ വൈദേഹിയെപ്പോലെ നിത്യവേദനയായിത്തുടരും.

ഏറെ സ്വാദിഷ്ഠമായ ഒരു നാടൻ പഴത്തെക്കുറിച്ചുകൂടി പറഞ്ഞിട്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. ആഞ്ഞിലിച്ചക്ക അഥവാ അയനിച്ചക്കയുടെ പഴത്ത പഴമാണത്- ഇതിന്റെ തൊലിയെല്ലാം മാറ്റി ഞെടുപ്പിൽ പിടിച്ചു കൊണ്ട് ക്രുഞ്ഞിൽ പറ്റിച്ചേർന്നിരിക്കുന്ന തുടുത്ത ആഞ്ഞിലിച്ചുള തിന്നിട്ടുള്ളവർക്കറിയാം ഈ ഫലത്തിന്റെ രുചി! ആഞ്ഞിലിച്ചുളയുടെ പുറത്തെ മാംസളമായ ഭാഗം തിന്നു കഴിഞ്ഞാൽ നന്നേ ചെറിയ കുരു വായിൽ ബാക്കിയാകും. ഈ കുരുവും വലിച്ചെറിഞ്ഞു കളയാനുള്ളതല്ല, നന്നായി വറുത്തെടുത്താൽ കപ്പലണ്ടി അഥവാ നിലക്കടല കൊറിക്കുന്നതുപോലെ നല്ല സ്വാദോടെ തിന്നാം. നന്നായി വിളഞ്ഞ് പഴക്കാറായ ആഞ്ഞിലിച്ചക്ക നിലത്തു മണ്ണിൽ വീഴാതെ പറിച്ചെടുത്ത് കുട്ടയിൽ വൈക്കോൽ നിറച്ച് അതിനുള്ളിൽ വെച്ച് പഴപ്പിച്ചെടുക്കും. വൈകുന്നേരം സ്കൂൾ വിട്ടുവന്നാൽ പഴുത്ത ആഞ്ഞിലിച്ചക്ക ഏറെ സ്വാദിഷ്ഠ ഭക്ഷണമായിരുന്നു. ഇന്നത്തെ കുട്ടികളോട് ആഞ്ഞിലിച്ചക്കയെക്കുറിച്ചുപറഞ്ഞാൽ അതെന്തു ചക്കപ്പഴം? മുള്ളുള്ള ഒരു വലിയ കായല്ലേ എന്ന് ചിലരെങ്കിലും ചോദിച്ചാലായി. ഇതിനൊരനുബന്ധം കൂടിയുണ്ട്- അയ്യോ നിപ്പാ പരത്തുന്ന വവ്വാൽ തിന്നുന്ന പഴമാണ്- ചുവടോടെ വെട്ടിക്കളയൂ എന്നു പറയാതിരുന്നാൽ മഹാഭാഗ്യം.

> **പകിട്ടും പൊലിമയും പത്രാസ്സും പോരായെന്നു തോന്നിയപ്പോൾ നാം ഉപേക്ഷിച്ചു കളഞ്ഞ പപ്പായയും, ചക്കയും, നിത്യവഴതനയും, മുരിങ്ങയിലയും, ചേനത്തണ്ടും, വാഴച്ചുണ്ടും, വാഴപ്പിണ്ടിയുമെല്ലാം ഇപ്പോൾ എന്തുവിലകൊടുത്തും നാം വാങ്ങുകയാണ്**

പകിട്ടും പൊലിമയും പത്രാസ്സും പോരായെന്നു തോന്നിയപ്പോൾ നാം ഉപേക്ഷിച്ചു കളഞ്ഞ പപ്പായയും, ചക്കയും, നിത്യവഴതനയും, മുരിങ്ങയിലയും, ചേനത്തണ്ടും, വാഴച്ചുണ്ടും, വാഴപ്പിണ്ടിയുമെല്ലാം ഇപ്പോൾ എന്തുവിലകൊടുത്തും നാം വാങ്ങുകയാണ്. ആരോഗ്യത്തിനുത്തമം നാരു കൂടുതലുള്ള വിഷം വമിക്കാത്ത ഈ നാടൻ ഫലങ്ങളാണെന്ന് ഇപ്പോൾ നാം തിരിച്ചറിഞ്ഞിരിക്കുന്നു. ഇതൊരു പ്രകൃതി നിയമമാണ്. എല്ലാ കയറ്റത്തിനും ഒരു ഇറക്കം ഉറപ്പാണ്! പടികടന്നുപോയ നന്മകളെയെല്ലാം ഒരിക്കൽ അന്വേഷിച്ചു കണ്ടെത്തി മടക്കി കൊണ്ടുവന്നേ മതിയാകൂ. ക്യാൻസറിനു മറുമരുന്നായി, പ്രമേഹത്തിന് കൈകണ്ട ഔഷധമായി, രക്തസമ്മർദ്ദത്തിന് ഒറ്റമൂലിയായുമൊക്കെ നാം ഉപേക്ഷിച്ചു കളഞ്ഞ ഈ നാടൻ പഴങ്ങൾ തിരികെ എത്താതിരിക്കില്ല. വിദേശ സർവ്വകലാശാലകൾ ഗവേഷണ പഠനങ്ങൾ നടത്തി സായ്പ്പ് നമ്മളോടു പറഞ്ഞു തരും ഈ പഴങ്ങളുടെ ഔഷധമൂല്യം. നാമത് അക്ഷരംപ്രതി അനുസരിക്കും. മൃതസഞ്ജീവനി തേടിപ്പോയ ഹനുമാനെപോലെ പല വിധ രോഗങ്ങൾക്കും മറുമരുന്നായി മാറുന്ന ഈ നാടൻ പഴങ്ങൾ അന്വേഷിച്ച് നാളെ നമ്മളും നെട്ടോട്ടമോടും. □





**പരസ്യ നിരക്ക്**

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) February 2022
Annual Subscription ₹120, Published on 20 February 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS